# ഇന്ത്യയിലെ സുറിയാനിസഭാചരിത്രം

*ഗ്രന്ഥകാരൻ*

**പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്**

*ഇംഗ്ലീഷ് പരിഭാഷകൻ*

**ഡോ. മാത്തി മൂസാ**

*മലയാളം പരിഭാഷകൻ*

**ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ**

*സംശോധകൻ*

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**

പ്രസാധകർ

**മോർ ആദായി സ്റ്റഡി സെന്റർ**

**ചീരംചിറ, ചങ്ങനാശേരി**

686 106

**History of the Syrian Church in India**
(Malayalam)

Author: **H.H. Ignatius Yacoob III**
English Translator: **Matti Moosa**
Malayalam Translator: **Jacob Varghese, Mannakuzhiyil**
Editor: **Dr. Kuriakose Corepiscopa Moolayil**
**M.A. (Syriac), D.H.M.S., D.Min. (Chicago)**

Publisher (English-2009): **Gorgias Press, NJ, USA**
(Malayalam-2010): **Mor Adai Study Centre,**
Cheeranchira, Changanacherry 686 106
Kerala 686 106, Ph: 944 620 3002
E-mail: moolelachen@yahoo.com

Printed at : D C Press (P) Ltd., Kottayam, Kerala, India.

Price ₹ 300.00
U.S. $ 15.00

# സമർപ്പണം

ഗ്രന്ഥകാരനിൽ ചൊരിഞ്ഞിട്ടുള്ള എല്ലാ അനുഗ്രഹങ്ങളെയുംപ്രതി
പത്രോസിന്റെ പിൻഗാമിയും അന്ത്യോഖ്യായുടെയും
കിഴക്കൊക്കെയുടെയും പാത്രിയർക്കീസുമായ പരിശുദ്ധ ഇഗ്നാത്തിയോസ്
അപ്രേം പ്രഥമൻ പാത്രിയർക്കീസിന്റെ സ്മരണയ്ക്കായി ഈ കൃതി
സമർപ്പിച്ചിരിക്കുന്നു. സത്യവിശ്വാസപൈതൃകത്തിന്റെ അഭിമാനവും
സഭയുടെ ജീവചൈതന്യപ്രതീകവുമായി അദ്ദേഹത്തെ
ദൈവം നിലനിർത്തട്ടെ.
*—ഗ്രന്ഥകാരൻ*

ഇന്ത്യയിലെ സഭയെ തന്റെ ആത്മികധിഷണയും വിവേചനവും
ആർജവമാർന്ന വ്യക്തിത്വവുംകൊണ്ട് ഏകനായി നവചൈതന്യം
പകർന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് നാലാമൻ
പാത്രിയർക്കീസിന്റെ പ്രശോഭിത സ്മരണയ്ക്കുമുന്നിൽ സമർപ്പിക്കുന്നു.
*—ഇംഗ്ലിഷ് പരിഭാഷകൻ*

തന്റെ കണ്ണുനീരാൽ മലങ്കര സഭയെ നയിച്ച
വലിയ തിരുമേനി പരിശുദ്ധ പൗലോസ് മോർ
അത്താനാസിയോസിന്റെയും തന്റെ സിംഹഗർജ്ജനത്താൽ
ശ്ലൈഹിക സിംഹാസനത്തിന്റെ നാമം ഉദ്ഘോഷിച്ച
മിഖായേൽ മോർ ദീവന്നാസിയോസിന്റെയും
പാദാരവിന്ദങ്ങളിൽ ഈ മലയാളം പതിപ്പ് സമർപ്പിക്കുന്നു.
*—മലയാളപരിഭാഷകൻ*

# മലയാളപരിഭാഷകന്റെ ആമുഖം

അബ്ദൽ ആഹാദ് റമ്പാനായി 1933 മുതൽ 1946 വരെ മലങ്കരയിലുട നീളം പ്രസിദ്ധനായിരുന്ന ഭാഗ്യവാനായ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ (+1980) അറബിഭാഷയിൽ 1952-നോട ടുത്ത് പ്രസിദ്ധപ്പെടുത്തിയ മലബാർ (മലങ്കര) സഭാചരിത്രം 2009 അവസാ നത്തിൽ *History of the Syrian Church of India* എന്ന പേരിൽ ഇംഗ്ലീഷി ലേക്ക് ഡോ. മത്തി മൂസ പരിഭാഷപ്പെടുത്തി അമേരിക്കയിൽ (Gorgias Press, New Jersy) പ്രസിദ്ധീകരിച്ചു. പ്രസ്തുത ഗ്രന്ഥത്തിന്റെ മലയാളപരിഭാഷ യാണ് ഈ കൃതി.

ഒരു ചരിത്രവിദ്യാർത്ഥി എന്നപോലെ മലങ്കരയിൽ അങ്ങോളമിങ്ങോളം പര്യടനം നടത്തി കിട്ടാവുന്ന രേഖകൾ എല്ലാം ശേഖരിച്ച്, അവ പകർത്തി യെടുത്ത്, ഹോംസിലും കുർക്കുമാ ദയറായിലും ഡയർബക്കറിലുള്ളവയു മായി ബന്ധപ്പെടുത്തി താരതമ്യപഠനം നടത്തി സൂക്ഷ്മനിരീക്ഷണങ്ങളോടെ കരുപിടിപ്പിച്ചാണ് ഈ ചരിത്രം ഗ്രന്ഥകാരൻ രചിച്ചിട്ടുള്ളത്. പ്രത്യേകിച്ചും കോട്ടയം ഇടവഴിക്കൽ കുടുംബത്തിലും പാമ്പാക്കുട കോനാട്ട് തറവാട്ടിലും മഞ്ഞിനിക്കര ദയറായിലും പരിരക്ഷിക്കപ്പെട്ടിരുന്നവയും സാധാരണക്കാരന് അപ്രാപ്യവുമായിരുന്ന രേഖകളാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ആധാരം. കൂടാതെ, ഇട്ടൂപ്പ് റൈട്ടർ, ഇ.എം. പീലിപ്പോസ്, കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പാ മുതലായ മലങ്കരസഭാചരിത്രകാരന്മാർക്ക് ലഭ്യമാകാതെ പോയതും പാത്രിയർക്കാ ആസ്ഥാനത്തും മദ്ധ്യപൂർവദേശത്തിലെ കേന്ദ്ര ങ്ങളിലും പരിരക്ഷിക്കപ്പെട്ടിരുന്നതുമായ അനേകം രേഖകളും ഈ ഗ്രന്ഥ ത്തിലൂടെ വെളിവാക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, മാർത്തോമാ രണ്ടാമനെ മെത്രാനായി അവരോധിച്ചത് മാർത്തോമ്മ ഒന്നാമനും അബ്ദൽ ജലീൽ ബാവായും ചേർന്നാണ് എന്നാണ് എല്ലാവരും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മാർത്തോമാ രണ്ടാമൻ അന്ത്യോഖ്യാസിംഹാസനത്തിലേക്കയച്ച കത്ത് ഇപ്പോഴും മർദ്ദീനിലുണ്ട്. അതിൽ, അന്ത്രയോസ് ആണ് തന്നെ വാഴി ച്ചത് എന്ന് മാർത്തോമാ രണ്ടാമൻ സ്വയം സ്ഥിരീകരിച്ചിരിക്കുന്നു. ഇതു പോലെ മറ്റു പലതും.

വായനക്കാർ ഈ ഗ്രന്ഥപാരായണത്തിൽ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ.

ഒന്നാമതായി, ഇതിൽ പ്രതിപാദിച്ചിരിക്കുന്ന തീയതികൾ എല്ലാംതന്നെ ജൂലിയൻ കലണ്ടർ പ്രകാരമാണെന്നുള്ളത് വ്യക്തം. മലങ്കരയിൽ ഇപ്പോൾ പ്രചാരത്തിലുള്ള ഗ്രിഗോറിയൻ കലണ്ടർ ഔദ്യോഗികമായി നടപ്പിലായത് 1952-ലെ പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 620-ാം

നമ്പർ കല്പനപ്രകാരമാണ്. ആകയാൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതുവരെയും ജൂലിയൻ കലണ്ടർ ആയിരുന്നു ഇവിടെ പിന്തുടർന്നിരുന്നത്. ജൂലിയൻ കലണ്ടറിൽനിന്നും ഗ്രിഗോറിയൻ കലണ്ടറിലേക്ക് തീയതികൾ മാറ്റുന്നതിന് ഇപ്പോൾ 13 ദിവസം മുമ്പോട്ട് കൂട്ടേണ്ടിയിരിക്കുന്നു. ഉദാഹരണമായി പരിശുദ്ധ പരുമല തിരുമേനി കാലംചെയ്തത് 1902 ഒക്ടോബർ 20 എന്നാണ് ഈ ഗ്രന്ഥത്തിൽ നല്കിയിരിക്കുന്നത്. അതിനോട് 13 ദിവസം കൂട്ടിയാൽ നവംബർ 2 ആകും. അതായത് ഇപ്പോൾ ആ പരിശുദ്ധന്റെ പെരുന്നാൾ ആഘോഷിക്കുന്ന ദിവസം. 16, 17, നൂറ്റാണ്ടുകളിൽ 10 ഉം 18-ാം നൂറ്റാണ്ടിൽ 11 ഉം 19-ാം നൂറ്റാണ്ടിൽ 12 ഉം ദിവസങ്ങളാണ് ഇപ്രകാരം കൂട്ടേണ്ടത്.

വേറൊരു സംഗതി ഈ ഗ്രന്ഥത്തിലെ 'മലബാർ' എന്ന പ്രയോഗമാണ്. സുറിയാനി ഭാഷയിൽ മലങ്കരയെ പരാമർശിക്കുന്നത് 'മീലിബാർ' എന്നാണ്. ആകയാൽ ഈ ഗ്രന്ഥത്തിൽ എവിടെയെല്ലാം 'മലബാർ' എന്ന പ്രയോഗമുണ്ടോ അവയെല്ലാം തന്നെ മലങ്കര എന്ന് രൂപാന്തരപ്പെടുത്താവുന്നതാണ്. ഉദാഹരണം: 'മലബാർ സഭ', 'മലബാർ മെത്രാപ്പോലീത്ത', 'മലബാർ മല്പാൻ' എന്നിവ യഥാക്രമം മലങ്കരസഭ, മലങ്കര മെത്രാപ്പോലീത്ത, മലങ്കര മല്പാൻ എന്നിവയായി മാറും.

മറ്റൊന്ന്, ബഹുമാനസൂചകങ്ങളായ പദപ്രയോഗങ്ങൾ ഒന്നുംതന്നെ ആരുടെയും പേരിനോടൊപ്പം ചേർത്തിട്ടില്ല. മൂലഗ്രന്ഥത്തിലും അപ്രകാരമാണ്. മനഃപൂർവം ആരെയും അവഹേളിക്കുന്നവാനല്ല; ഗ്രന്ഥരചനയുടെ ശൈലിമാത്രമാണ് അതെന്ന് വായനക്കാർ മനസ്സിലാക്കുമല്ലോ.

അറബിഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്കുള്ള തർജിമയിൽ മലങ്കരയിലെ സ്ഥലപ്പേരുകളിലും വീട്ടുപേരുകളിലും വ്യക്തികളുടെ പേരുകളിലും വളരെ രൂപഭേദങ്ങൾ വന്നിട്ടുണ്ട്. ആവുന്നത്ര അവ യഥാർത്ഥരൂപത്തിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും മൈത്രെ, താമണ്ണ, മല്ലിക്കുളം മുതലായ സ്ഥലനാമങ്ങൾ കൃത്യമായി കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. ചില വീട്ടുപേരുകളും പേരുകളും അപ്രകാരംതന്നെ.

കൂടാതെ, മൂലകൃതിയിൽനിന്നും ഇംഗ്ലീഷ് പരിഭാഷയിൽ വന്നുപോയിട്ടുള്ളത് എന്ന് ഞാൻ കരുതുന്ന ചില വസ്തുതാപരമായ പിശകുകൾ ഈ കൃതിയിൽ തിരുത്തിയിട്ടുണ്ട്. ഉദാഹരണമായി, "They met at Mattancheri, a town near Cochin on Friday, January 3, 1653 and installed a stone cross at a place called Coonen" എന്നാണ് ഇംഗ്ലീഷ് പരിഭാഷയിൽ നല്കിയിരിക്കുന്നത്. അതുപോലെ "Dionysius Mikhai'l was born in the village of Kayamkulam on May 16, 1898.... On December 25, 1898 he became a Pslater (reader)..." അതായത് 7 മാസം മാത്രം പ്രായമുള്ളപ്പോൾ ദീവന്നാസിയോസ് മീഖായേൽ കോറൂയോ ആയി! ഇപ്രകാരമുള്ള പിശകുകൾ തിരുത്തിയശേഷം ഇംഗ്ലീഷ് പരിഭാഷകനെ, അടുത്ത പതിപ്പിൽ വേണ്ട തിരുത്തലുകൾ നടത്താനായി അറിയിച്ചിട്ടുമുണ്ട്.

ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുവാൻ എന്നെ ഭരമേല്പിച്ചത് പ്രസാധകനായ വന്ദ്യ മൂലയിൽ കുറിയാക്കോസ് കോറെപ്പിസ്കോപ്പായാണ്. ഇത്

സംശോധനം ചെയ്തതും അച്ചടിപ്പിച്ചതും പ്രസിദ്ധീകരിച്ചതും മോർ ആദായി സ്റ്റഡി സെന്ററിൽ കൂടെ അദ്ദേഹം തന്നെയാണ്. അദ്ദേഹത്തോടുള്ള അഗാധമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

ഇടവഴിക്കൽ കുടുംബത്തിൽ സംരക്ഷിച്ചിരിക്കുന്നതും ഈ ഗ്രന്ഥത്തിൽ വ്യാപകമായി ഉദ്ധരിച്ചിരിക്കുന്നതുമായ രേഖകൾ കണ്ടെടുക്കുവാൻ പ്രയത്നിച്ച എന്റെ ഗുരുസ്ഥാനിയായ ആലുംമൂട്ടിൽ ഫാ. ഡോ. ഏ.റ്റി. ഏബ്രഹാമിന്റെ ആത്മാർത്ഥമായ ശ്രമത്തിനു നന്ദി പറയുന്നു. രേഖകൾ പ്രാപ്യമാക്കിത്തന്ന ശ്രീ ഇ.എം. മാത്യു ഇടവഴിക്കലിനെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു.

ഈ ഗ്രന്ഥത്തിന് സ്വതസിദ്ധമായ പാണ്ഡിത്യത്തോടുകൂടെ അവതാരിക എഴുതിത്തന്ന എന്റെ അഭ്യുദയകാംക്ഷിയും ജ്യേഷ്ഠസഹോദരതുല്യനുമായ ബാർ ഈത്തോ ബ്രീറോ ഡോ. ബാബു പോളിനോടുള്ള സ്നേഹാദരവുകൾ ഇവിടെ രേഖപ്പെടുത്തുന്നു.

മലങ്കരസഭയുടെ ചരിത്രത്തിലെ ഏടുകളിൽ നിഗൂഢമായിരുന്ന പലതും വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥം സർവശക്തന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് വായനക്കാർക്ക് സമർപ്പിക്കുന്നു.


**ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ**

തടിയൂർ 689 545
ഫോ: 9447755630
(0469-2775000)

## മോർ ആദായി സ്റ്റഡി സെന്റർ

സിറിയൻ ഓർത്തഡോക്സ് സഭാവിജ്ഞാനീയപഠനങ്ങൾക്കും പ്രചാരണങ്ങൾക്കും മുഖ്യലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ചിരിക്കുന്ന ഒരു സ്വമേധയാ സംഘമാണ് ഈ പഠനകേന്ദ്രം. 2001 ജനുവരിയിൽ *സത്യവിശ്വാസപഠനങ്ങൾ* എന്ന കൃതിയോടുകൂടി ആരംഭം കുറിച്ച ഈ പ്രസ്ഥാനം ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കകമായി ആത്മസംതൃപ്തി നൽകുന്ന അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എളിയ രീതിയിൽ ഈ സഭാസേവനം തുടരുവാൻ ആത്മാർത്ഥമായി സഹകരിച്ച് ഡയറക്ടർ ബോർഡ് അംഗത്വം സൗമനസ്യത്തോടെ സ്വീകരിച്ച് സഹായിച്ച മാന്യ സഹകാരികൾക്കും ബുക്ക് ക്ലബ്ബ് അംഗത്വം സ്വീകരിച്ച സഹൃദയർക്കും സർവോപരി ആയുസ്സും ആരോഗ്യവും നല്കി അനുഗ്രഹിക്കുന്ന ദൈവകൃപയ്ക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

**ഡയറക്ടർ ബോർഡ് അംഗത്വം**

ഈ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗത്വം അധികാരങ്ങളോ അവകാശങ്ങളോ ഭരണച്ചുമതലയോ അധികമായുള്ള ഒരാകർഷണ സ്ഥാനം എന്നതിനെക്കാൾ ഈ പ്രസ്ഥാനത്തോടുള്ള കൂറും സഹകരണവും എന്ന നിലയിലാണ് എല്ലാവരും സമീപിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനം മുന്നോട്ടുപോവുകതന്നെ അസാധ്യമാണ്. വ്യക്തമായ ദിശാബോധം നൽകി നയിക്കുവാനും പുതിയ തലങ്ങളിലേക്കു പ്രവർത്തനമേഖല വികസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുവാനും കൂടുതൽ വ്യക്തികൾ പതിനായിരം രൂപയിൽ കുറയാത്ത സംഭാവന നൽകി ഈ രംഗത്ത് മുന്നോട്ടുവരും എന്ന് പ്രത്യാശിക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പഠന കേന്ദ്രം വക എല്ലാ കൃതികളും സൗജന്യമായി ലഭിക്കുന്നതാണ്.

**ബുക്ക് ക്ലബ്ബ് വിശിഷ്ട അംഗത്വം**

പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന എല്ലാ കൃതികളും തികച്ചും സൗജന്യമായി ലഭിക്കുന്ന വിശിഷ്ടാംഗത്വം സ്വീകരിക്കുന്ന അംഗങ്ങൾക്ക് ലോകത്തെവിടെയും സെന്റർ പ്രസിദ്ധീകരണങ്ങൾ എത്തിച്ചുകൊടുക്കുന്നതാണ്. ഒരു ഗ്രന്ഥശേഖരം ഉണ്ടാകുന്നതോടൊപ്പം ഒരു വർഷ നോട്ടീസ് നല്കി സ്ഥിരനിക്ഷേപ തുകയായ 5000 രൂപാ (U.S.$ 150.00) മൂന്നു വർഷങ്ങൾക്കുശേഷം മടക്കി വാങ്ങുവാനും സ്വാതന്ത്ര്യമുണ്ട്.

**ബുക്ക് ക്ലബ്ബ് അംഗത്വം**

ഇന്ത്യയിലുള്ള ഏതു വ്യക്തിക്കും പ്രതിവർഷം 300 രൂപായുടെ പുസ്തകങ്ങൾ സൗജന്യമായി ലഭിക്കുന്ന ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുവാൻ 2500 രൂപാ പഠനകേന്ദ്രത്തിൽ ഏല്പിക്കണം. ചേരുമ്പോൾതന്നെ ലഭ്യമായ എല്ലാ പുസ്തകങ്ങളും നൽകുന്നതും മുന്നോട്ടുള്ള വർഷങ്ങളിലേക്ക് വകകൊള്ളിക്കുന്നതുമാണ്.

# Mor Adai Study Centre

## Board of Directors


**H.E. Archbishop Mor Cyril Aprem Karim (Hon. Patron)**
**H.E. Archbishop Mor Theethose Yeldho (Hon. Chairman)**
**H.G. Dr. Mor Coorilose Geevarghese Metropolitan (Working President)**
V. Rev. Abraham Thomas Corepiscopa Vazhayil, Boston
Rev. Fr. Dr. Biji Chirathilattu
Rev. Fr. Mathews Edathara, Augusta
Rev. Fr. Mathews Kavumkal, Pangada
Rev. Fr. Mathew Varghese, Karuthalackal, Chicago
Rev. Dr. Varghese P. Manikkatt, MaryLand
Rev. Fr. Varkey Mundackal, New York
Rev. Fr. Sabu T. Chorattil, Los Angeles
Rev. Fr. Shyjan Maruthala, Wynad
Rev. Dn. Anup Kuruvilla, Boston
Rev. Dn. Martin Babu Vadakkedath, Houston
Rev. Dn. Moncy Jacob, Boston
Rev. Dn. T.S. Varghese, Houston
Mr. Abraham Eapen, Mineapolis
Dr. E.C. Abraham Edathara, Arkansas
Mr. Babu Jacob, New York
Mr. Babu Mathew, Muscat
Mr. Biju K. Mathew Puthupally, New Jersey
Mr. Biju Cherian Parochalil, New York
Mr. Cherian Venkadath, Chicago
Mr. C.K. Joy, New Jersey
Mr. George Varghese, Malaysia
Mr. Jacob Varghese, Mannakuzhiyil, Thadiyoor
Mr. T. John, Ex.Minister, Bangalore
Mr. Jose Jacob, Chicago
Dr. Kurian Mani, Los Angeles
Dr. Leena George, Kuwait
Chev. Dr. Mathews Abraham, Sharjah
Mr. Mathews Mancha, New Jersey
Dr. Mathew Varghese, Mary Land
Mr. Mathew Ninan, Tampa
Mr. Ninan T. Varghese, Philadelphia
Mr. Philip Jacob, Houston
Mr. Paul P. John, Tampa
Mr. Paul Philipose, Dallas
Mr. Perumanoo I. Mathew, New Jersey
Mr. Raju Varghese, Canada
Mr. Reji Daniel, Cheppadu
Comdr. Dr. Roy P. Thomas, Chicago
Mr. Sabu Jacob Pukadiyil, Philadelphia
Mr. Shinu Jesus Abraham, Kuwait
Mr. Suresh Ittoop Pukadiyil, Saudi Arabia
Mr. Thomas Chandy, Houston
Mr. & Mrs. Thomas George, Kelachandra
Dr. Thomas Joseph, Los Angeles
Mr. Vinod Abraham, Chicago
Mr. Varghese Chamathil, Dallas
Mr. Varghese Parambath, Philadelphia
Mr. Varghese K. Paruthuvayalil, New York
**Dr. Kuriakose Corepiscopa Moolayil (Executive Director)**

## പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ

1. *സത്യവിശ്വാസപഠനങ്ങൾ* - ഡോ. ഗീവർഗീസ് മോർ കൂറീലോസ് &
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
2. *വിധി നടത്തൽ ഹർജി-വിധിയും വിശകലനവും**
   -ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
3. *കാഴ്ചപ്പാടുകൾ-സഭയും സമൂഹവും* -ഡോ. ഗീവർഗീസ് മോർ കൂറീലോസ്
4. *പെരുമ്പിള്ളി തിരുമേനി - മലങ്കരസഭയുടെ കാൽനൂറ്റാണ്ട്**
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
5. *The Indian Church of St.Thomas* - E.M. Philip
6. *Four Historic Documents* - Dr. Kuriakose Corepiscopa Moolayil (Ed)
7. *The Eucharist Service of the Jacobite Syrian Christians*
   - Kadavil Dr. Poulose Mor Athanasius Metropolitan
8. *The Book of Common Prayers for ordinary days and Great Lent days*
   Dr. Kuriakose Corepiscopa Moolayil (Tr.)
9. *Morning Prayers for Sunday*s (Sleeba) (English Translation in Syriac tunes)
   Dr. Kurian Corepiscopa Kaniamparampil
10. *സുറിയാനിസഭാചരിത്രം* – ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്
11. *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം*
    - പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ
12. *പൂർവിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും*
    - പുതുശേരി യൗസേഫ് ശെമ്മാശൻ
13. *A Guide to the Altar Assistants* Dr. Kuriakose Corepiscopa Moolayil
14. *The Syrian Orthodox Church: Religion and Philosophy*
    Kadavil Dr. Paulose Mor Athanasius Metropolitan
15. *പൗരസ്ത്യ കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥനില*
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ (എഡിറ്റർ)
16. *ജീവന്റെ അപ്പം (വി. കുർബാനാ വ്യാഖ്യാനം)*
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
17. *മതോപദേശപാലനം*-ഇ.എം. ഫിലിപ്പ്
18. *Quintessence of Religious Doctrines*-Vattasseril Geevarghese Mor Dionasius
19. *വിശുദ്ധ ഗ്രന്ഥവായനക്കുറിപ്പ്*-ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
20. *മതോപദേശസാരങ്ങൾ* - വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ്
21. *Readings from the Epistles and Acts of Apostles according to the Syrian Orthodox Lectionary**.*
22 *Trilingual Eucharist Service Book of the Syrian Orthodox Church****
23. *ജീവജലം* - മോർ ക്രിസോസ്റ്റമോസ് മോശ സലാമ
24. *ഭാഗ്യനിക്ഷേപം* - മോർ ക്രിസോസ്റ്റമോസ് മോശ സലാമ
25. *മഹാപരിശുദ്ധനായ മഞ്ഞിനിക്കര ബാവ*
    *-ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ*
26. *വിശുദ്ധനാട് സന്ദർശനങ്ങൾ*
    *- ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ*
27. *പൗരസ്ത്യ സന്ന്യാസപിതാക്കന്മാരുടെ മൊഴിമുത്തുകൾ*
    -ഫാ. ഡോ. സ്റ്റീഫൻ പ്ലാത്തോട്ടം
28. *ചിതറിയ മുത്തുകൾ: സുറിയാനി ഭാഷാ - സാഹിത്യപഠനങ്ങൾ*
    -പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്
29. *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം***
    -പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്

30. സുറിയാനി-മലയാളം കുർബാന തക്സാ (19 ക്രമങ്ങൾ)**

പുസ്തകങ്ങൾക്കു ബന്ധപ്പെടുക

ചീരംചിറ
ചങ്ങനാശ്ശേരി 686 106
മൊബൈൽ: 944 620 3002

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
*എക്സി. ഡയറക്ടർ*, മോർ ആദായി സ്റ്റഡി സെന്റർ
email: moolelachen@yahoo.com

**സ്റ്റോക്കില്ല **അച്ചടിയിൽ* *** പരിമിത വിതരണത്തിന് മാത്രം

# അവതാരിക

ചരിത്രം ഗതകാലകഥകളുടെ സമാഹൃതരൂപം എന്നതിലേറെ സമൂഹത്തിൽ സ്വത്വാന്വേഷണകൗതുകത്തിന്റെ ലിഖിതാവിഷ്കാരം എന്ന നിലയിലാണ് പലപ്പോഴും കാണപ്പെടുന്നത്. ഇപ്പറഞ്ഞതിൽ ഏതായാലും രചയിതാവിന്റെ അഭിരുചികളും പരിപ്രേക്ഷ്യങ്ങളും കൃതിയെ ബാധിക്കാതിരിക്കയില്ല. ഉത്പത്തിപ്പുസ്തകത്തിന്റെ ആദ്യാദ്ധ്യായങ്ങൾ രചനാകാലത്തെ അറിവുകളുടെ അടിസ്ഥാനത്തിൽ രചനാപൂർവ്വയുഗങ്ങളിലെ സംഭവങ്ങളെക്കുറിച്ച് വിശദീകരിക്കുവാനുള്ള ശ്രമമാണ് എന്ന് പറയുന്നവരാണ് ആധുനികപണ്ഡിതരിൽ ഭൂരിഭാഗവും. അവിടെയെങ്ങും പരാമർശിക്കപ്പെട്ടിട്ടേയില്ലാത്ത സ്ഥലങ്ങളിൽ സംസ്കൃതികൾ ഉരുത്തിരിഞ്ഞുകൊണ്ടിരുന്ന കാലയളവാണ് അത്. ഈജിപ്തിലെ പ്രാചീനരാജവംശം, ഭാരതത്തിലെ സൈന്ധവ സംസ്കാരം, അബ്രഹാമിന്റെ യാത്രയുടെ ആരംഭം തുടങ്ങിയവയൊക്കെ ഏതാണ്ട് ഒരേകാലത്താണ് ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത്. എന്നാൽ അബ്രഹാമിനോട് ബന്ധപ്പെടുത്താനാവാത്തതൊന്നും പഴയനിയമത്തിലെ ചരിത്രകൃതികളിൽ കാണുന്നില്ല. ദിനവൃത്താന്തം ആണ് ഈ പ്രകൃതത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു രചന. നടന്നതിനെക്കാൾ നടക്കേണ്ടിയിരുന്നതിനെയാണ് അവിടെ കാണുന്നത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അതായത്, എന്തൊക്കെയാണ് സമാഹരിക്കപ്പെടുന്ന വസ്തുതകൾ എന്നതും എങ്ങനെയൊക്കെയാണ് അവ വിലയിരുത്തപ്പെടുന്നത് എന്നതും ചരിത്രനിർമ്മിതിയെ ബാധിക്കുന്ന ഘടകങ്ങളാണ് എന്നർത്ഥം.

ഭാരതീയചരിത്രപഠനം വരച്ചുകാട്ടുന്ന ചിത്രവും മറ്റൊന്നല്ല. സൈന്ധവ സംസ്കാരം സംബന്ധിച്ച വാദപ്രതിവാദങ്ങളും ആര്യവംശത്തിന്റെ അധിനിവേശം പാശ്ചാത്യചരിത്രകാരന്മാരുടെ കപോലസൃഷ്ടിയാണ് എന്നത് സംബന്ധിച്ച വിവാദങ്ങളും ഓർക്കുക. രാമായണത്തിന്റെ രചനാകാലം, രാമകഥയുടെ പരിണാമപ്രക്രിയയെക്കുറിച്ച് കാമിൽബുൽക്കെ ഉൾപ്പെടെയുള്ള ഗവേഷകരുടെ നിഗമനങ്ങൾ എന്ന് തുടങ്ങി മുകിലയുഗത്തിന്റെ അന്ത്യം വരെയുള്ള കാലഘട്ടത്തിലെ ആദാനപ്രദാനസമൃദ്ധമായ സാംസ്കാരികവിനിമയങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ വരെ ചരിത്രത്തിന്റെ പരിമിതികളെയും സാധ്യതകളെയും വ്യക്തമാക്കുന്നുണ്ടല്ലോ.

പൊതുവായ ഈ ഭൂമികയുടെ വെളിച്ചത്തിൽ ഭാരതത്തിലെ ക്രൈസ്തവരുടെ ചരിത്രം വിശകലനം ചെയ്യുമ്പോൾ നമ്മുടെ വൈജ്ഞാനികപരാധീനതകൾ അത്രയ്ക്കങ്ങ് അസ്വാഭാവികമല്ല എന്ന് കാണാൻ കഴിയും. മാർത്തോമ്മാശ്ലീഹായുടെ ആഗമനവൃത്താന്തം മുതൽ ശാസ്ത്രീയമായ ചരിത്രപഠനത്തിൽ തെളിയുന്ന ചോദ്യചിഹ്നങ്ങൾ വേവലാതിക്ക് കാരണ

മല്ല. എന്നാൽ ചോദ്യങ്ങൾ ഉന്നയിക്കപ്പെടരുത് എന്ന നിർബന്ധമാകട്ടെ അപലപനീയമാണ് താനും.

ഒന്നാംനൂറ്റാണ്ടിൽ റോമാസാമ്രാജ്യവുമായി ശക്തമായ വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു, ഇന്ത്യയുടെ പശ്ചിമതീരവും പൂർവതീരവും തമ്മിൽ കര വഴി യാത്ര ഉണ്ടായിരുന്നു, ഹിപ്പാലൂസ് വാണിജ്യവാതങ്ങൾ കണ്ടുപിടിച്ചതോടെ സൊക്കോട്രയിൽനിന്ന് കടൽ മുറിച്ച് കടക്കുവാൻ കപ്പലുകൾക്ക് കഴിയുമായിരുന്നു, റോമൻ വാണിജ്യശൃംഖലയിൽ യഹൂദവർത്തകർ എന്നും ഒരു പ്രമുഖസാന്നിദ്ധ്യമായിരുന്നു എന്നിത്രയും തെളിയിക്കാൻ കഴിയും എന്നിരിക്കെ ഒന്നാം നൂറ്റാണ്ടിൽ വൈദികഹിന്ദുമതമോ വർണവ്യവസ്ഥയോ കേരളത്തിൽ ഉണ്ടായിരുന്നില്ല എന്നതിനാൽ നമ്പൂതിരിമാരെ മാനസാന്തരപ്പെടുത്തിയിരിക്കാനിടയില്ലാത്തതിനാൽ തോമാശ്ലീഹാ വന്നു എന്ന് പറയുന്നതുതന്നെ ശരിയല്ല എന്ന് വാദിക്കുന്നവർ ചരിത്രത്തിന്റെ രീതിശാസ്ത്രം അറിയാത്തവരാണ്. നാല് പ്രമുഖ കുടുംബങ്ങൾ എന്ന് മാറ്റിപ്പറയുന്നതോടെ ഈ ശ്ലീഹാവിരുദ്ധവാദികളുടെ വാദം പൊളിയുമല്ലോ!

നമ്മുടെ ചരിത്രം പ്രഹേളികകളുടെ സമാഹാരമാണ് എന്നാണ് പറയുന്നത്. കഴിഞ്ഞ ഒന്നുരണ്ട് നൂറ്റാണ്ടുകൾക്കിടയിലാണ് ആ സമാഹാരം തന്നെ രൂപപ്പെട്ടത് എന്നും ഒപ്പം പറയാതെ വയ്യ. പോർച്ചുഗീസുകാർ വിഭജനത്തിന്റെ വിത്ത് വിതയ്ക്കുവോളം മലങ്കരനസ്രാണികൾ ഒറ്റക്കെട്ടായിരുന്നു എന്നതിൽ തർക്കം ഇല്ല. കൂനൻകുരിശ്സത്യം മുതൽ ചിത്രം മാറി. ആദ്യം വരാപ്പുഴ അതിരൂപതയിലെ ലത്തീൻകാർ, പിന്നെ ജാതിക്ക് കർത്തവ്യന്റെ ഉപദേശകരിലെ ചേരിതിരിവിനെ പിൻപറ്റി പഴയകൂർ-പുത്തൻകൂർ ഇങ്ങനെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ വരുമ്പോഴേയ്ക്ക് പ്രാചീനക്രൈസ്തവരായ മലങ്കര നസ്രാണികൾ മൂന്ന് വിഭാഗങ്ങളായി എന്ന് നമുക്കറിയാം. മിഷണറിമാർക്കൊപ്പം നിന്ന സുറിയാനിക്കാർ, തീരദേശത്തും മലമ്പ്രദേശത്തും മതപരിവർത്തനം നടത്തിയവർ, സുറിയാനിക്കാരിലെ നവീകരണവാദികൾ, കുക്ക്സായു കൊണ്ടുവന്നത് ഉൾപ്പെടെ ഇരുപതാംനൂറ്റാണ്ടിൽ വന്ന ബ്രദർ-പെന്തക്കൊസ്ത് വിഭാഗങ്ങൾ എന്നുവേണ്ട അസംഖ്യമായി കേരള ക്രൈസ്തവ സഭകൾ. ഇരുപതാംനൂറ്റാണ്ടിൽ പിന്നെയും പിളർന്നു സഭകൾ. തൃശ്ശൂരിലെ കൽദായസഭയ്ക്കും കൽദായപാരമ്പര്യത്തിൽ അഭിരമിക്കുന്ന സീറോമലബാർ സഭയ്ക്കും പ്രതിഭിന്നമാണ് കൽദായസങ്കല്പം. അന്ത്യോഖ്യൻ പാരമ്പര്യം പാലിക്കുന്ന സഭകൾ ചരിത്രം പറയുമ്പോൾ തൊഴിയൂർ മുതൽ തിരുവനന്തപുരം വരെ 'പഞ്ച'തന്ത്രമായി മാറും ആഖ്യാനങ്ങൾ.

ഈ മഹാവനാന്തരത്തിലൂടെ താൻ കണ്ട ഒറ്റയടിപ്പാത പിൻചെല്ലുകയാണ് ഭാഗ്യസ്മരണാർഹനായ യാക്കൂബ് തൃതീയൻ ബാവാ. ഉദ്ദണ്ഡ ശാസ്ത്രികളെപ്പോലെ

പലായധ്വം പലായധ്വം രേ! രേ! ദുഷ്ക്കവിക്കുഞ്ജരാഃ
വേദാന്തവനസഞ്ചാരി ആയാത്യുദ്ദണ്ഡകേസരി

എന്ന് ആക്രോശിക്കുന്ന പാരേട്ടിസം എന്ന വികലചരിത്രവീക്ഷണം ഈ കൃതിക്ക് അന്യമാണ് എന്ന് പറയുന്നത് ഈ പുസ്തകത്തിലെ എല്ലാ വീക്ഷണങ്ങളോടും ഞാൻ യോജിക്കുന്നത് കൊണ്ടല്ല. ബാവായ്ക്ക് വ്യക്തമായും രണ്ടുമൂന്ന് പരിമിതികൾ ഉണ്ടായിരുന്നു. ഒന്നാമത് ആധുനിക ചരിത്രവിജ്ഞാ

നീയത്തിന്റെ രീതിശാസ്ത്രം പഠിക്കാൻ സന്ദർഭം ഉണ്ടായ വ്യക്തിയല്ല ബാവാ. രണ്ടാമത് ബാവായുടെ അടിസ്ഥാനസ്രോതസ്സുകളിൽ തന്നെ ഭൂരി ഭാഗവും പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ രേഖകളാണ്. മൂന്നാമത് അന്ത്യോഖ്യാസിംഹാസനത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഒതുങ്ങാതെ ബാവാ യ്ക്ക് ചരിത്രനിർമ്മിതി അസാധ്യമായിരുന്നു.

ഈ പരിമിതികൾക്കിടയിലും സവിശേഷമായ ഗവേഷണകൗതുകവും സാധ്യമാകാവുന്നത്ര വസ്തുനിഷ്ഠതയും ബാവായുടെ രചനയെ നിസ്തുല മാക്കുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ വാഴ്ച സംബന്ധിച്ച് ബാവാ പറ യുന്ന പല കാര്യങ്ങളും ശ്രദ്ധിക്കുമ്പോൾ ഈ വസ്തുതാപ്രതിബദ്ധത സുവ്യക്തമായി ദർശിക്കാൻ കഴിയും. പാറേട്ടിനെപ്പോലെ ഒരു "കഥാകാരൻ" ഉപേക്ഷിക്കുമായിരുന്നതാണ് യൂയാക്കിം മോർ കൂറീലോസിനെ വിമർശിച്ചു കൊണ്ട് ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ യാക്കൂബ് ദ്വിതീയന് എഴുതിയ കത്ത്. നാട്ടുമെത്രാന്റെ ആവശ്യം ഊന്നിപ്പറയുന്നിടത്ത് യൂയാക്കിം മോർ കൂറീലോസിനെ സൂചിപ്പിച്ചുകൊണ്ട് "നിങ്ങളുടെ നാട്ടിൽ ബുദ്ധിമാന്മാരായ വർക്ക് ഈ നാട്ടിൽ അടിതെറ്റുന്നു" എന്ന് ഉണർത്തുന്ന കത്ത് യാക്കൂബ് തൃതീയൻ വിശദമായി ഉദ്ധരിച്ചിരിക്കുന്നു. കാട്ടുമാങ്ങാട്ടുബാവാമാരെയും തൊഴിയൂർസഭയെയും പരാമർശിക്കുന്നിടത്തും ബാവായുടെ സ്വപ്രത്യയ സ്ഥൈര്യം വ്യക്തമാണ്.

ബാവായുടെ ഗവേഷണകൗതുകവും ചരിത്രാന്വേഷണബുദ്ധിയും തെളി യിക്കുന്നതാണ് മലങ്കരയിൽ നിന്ന് കിട്ടിയ വിവരങ്ങൾ ശീമയിലെ പുരാ രേഖാശേഖരങ്ങളുമായി ഒത്തുനോക്കാൻ നടത്തിയിട്ടുള്ള പരിശ്രമം.

മലങ്കരയിലെ ചരിത്രകാരന്മാർ പൊതുവെ അവരവരുടെ സഭാവിഭാഗ ങ്ങളുടെ നിലപാടുകളെ ന്യായീകരിക്കാനാണ് ശ്രമിച്ചുകാണുന്നത്. സെഡെം പാറേട്ടായാലും കണിയാമ്പറമ്പിൽ കോറെപ്പിസ്കോപ്പാ ആയാലും ചേടി യത്ത് ഗീവർഗീസ് കത്തനാർ ആയാലും കൂടപ്പുഴ സേവ്യർ കത്തനാർ ആയാലും. പാറേട്ടിസം ചരിത്രവിജ്ഞാനീയത്തിലെ പാഷണ്ഡതയാണ് എന്ന് പറയാമായിരിക്കുമെങ്കിലും മറ്റുള്ളവരും വിഭാഗീയപരിപ്രേക്ഷ്യങ്ങളിൽനിന്ന് മുക്തരല്ല. പൊതുവെ നമ്മുടെ ചരിത്രപഠനം "വിനായകം പ്രകുർവാണോ രചയാ മാസവാനര" എന്ന മട്ടിലാണ് കാണപ്പെടുന്നത്. വരയ്ക്കാൻ പുറ പ്പെട്ടത് ഗണപതിയെ; വരച്ചുവന്നപ്പോൾ കുരങ്ങൻ! രാജൻ ഗുരുക്കളെയോ പി.ജെ. ചെറിയാനെയോ ഇനിയും ഒരങ്കത്തിന് ബാല്യം ബാക്കിയുണ്ടെങ്കിൽ സമാരാധ്യനായ കെ.എൻ. പണിക്കരെയോ പോലെ നമ്മുടെ ചരിത്രം നിഷ്പ ക്ഷമായി വിലയിരുത്താൻ പോന്ന "അവിശ്വാസികൾ" ആരെങ്കിലും തുനി ഞ്ഞിറങ്ങാതെ കൃത്യമായ ഒരു സുറിയാനിസഭാചരിത്രം വിരചിതമാവുമെന്ന് പറഞ്ഞുകൂടാ. അങ്ങനെ നോക്കിയാൽ അതിശ്രേഷ്ഠമായ ഒരു ചരിത്രഗ്രന്ഥ മാണ് യാക്കൂബ് തൃതീയൻ നിർമ്മിച്ചിട്ടുള്ളത് എന്ന് വിനയപൂർവ്വം സാക്ഷ്യ പ്പെടുത്താതിരിക്കാൻ വയ്യ. "റോമാ ലക്കൂത്താ എസ്ത് കോസാ ഫിനിതാ എസ്ത്—റോം തീരുമാനിച്ചു. സംഗതി അവസാനിച്ചിരിക്കുന്നു—എന്ന മട്ട് സഭയുടെ അച്ചടക്കത്തിന് അനിവാര്യമാകാമെങ്കിൽക്കൂടിയും അറിവിന്റെ ചക്ര വാളങ്ങൾ അങ്ങനെ കോൺക്രീറ്റിട്ട് ഉറപ്പിക്കേണ്ടതല്ലല്ലോ. അതുകൊണ്ട് ഗവേഷണങ്ങൾ തുടരട്ടെ. അന്വേഷണങ്ങൾ ഫലമണിയട്ടെ. അതിനിടെ

ഇത്തരം വരിഷ്ഠകൃതികൾ അവയുടെ എല്ലാ ശക്തിദൗർബല്യങ്ങളോടും കൂടെ സുമനസ്സുകളായ അന്വേഷണകുതുകികളുടെ വിജ്ഞാനദാഹം ശമിപ്പിക്കട്ടെ.

1951-ൽ യാക്കൂബ് തൃതീയൻ മെത്രാനായിരുന്ന കാലത്ത് രചിച്ചതാണ് *ഇന്ത്യയിലെ സുറിയാനിസഭയുടെ ചരിത്രം* എന്ന ഈ ഗ്രന്ഥം. സുറിയാനി, അറബി, മലയാളം, ഇംഗ്ലീഷ് എന്നീ നാല് ഭാഷകളിലുള്ള അച്ചടിക്കപ്പെട്ടതും കൈയെഴുത്തുരൂപത്തിലുള്ളതും ആയ രേഖകളെയാണ് ബാവാ ആശ്രയിച്ചിട്ടുള്ളത്. തോമായുടെ നടപടികൾ, ബർസ്ലീബിയുടെയും ബാറെബ്രായയുടെയും മാർക്കോപ്പോളോയുടെയും രചനകൾ, ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ മലബാറിലെ ഇടവകകൾക്കയച്ച കല്പന, ഹിദായത്തുള്ളയുടെ പട്ടം കൊടപ്പുസ്തകം (1685, 1690), ശക്രള്ളാബാവായുടെ യാത്രാവിവരണവും അറബിയിൽ രചിച്ച വേദപാഠവും, വത്തിക്കാനിലെ ചില രേഖകൾ, ദീവന്നാസിയോസ് പ്രഥമന്റെ അമാലോഗിയ, 1600 മുതൽ 1850 വരെ ഉള്ള കാലത്ത് സുറിയാനിയിലും ഗർശൂനിയിലും (സുറിയാനി ലിപിയിലുള്ള അറബിരചനയാണ് ഗർശൂനി) നടന്നിട്ടുള്ള കത്തിടപാടുകൾ, അപ്രേം പ്രഥമൻ ബാവായുടെ നിരവധി പുസ്തകങ്ങളും അച്ചടിക്കപ്പെടാത്ത കുറിപ്പുകളും, ബുക്കാനനും ഹൗവും പോലെ ഉള്ള പാശ്ചാത്യരുടെ കൃതികൾ, ഫാദർ പ്ലാസിഡും ഈയെം ഫിലിപ്പും ഇട്ടൂപ്പുറൈറ്ററും എഴുതിയ ചരിത്രഗ്രന്ഥങ്ങൾ, ഇടവഴിക്കൽ രേഖകൾ, പത്രോസ് നാലാമൻ (തെറ്റായി മൂന്നാമൻ എന്ന് മലങ്കരയിൽ അറിയപ്പെടുന്നു) ബാവായുടെ മലങ്കരവിഷയബന്ധമായ എഴുത്തുകുത്തുകൾ എന്നിങ്ങനെ നീണ്ടുപോകുന്നു ബാവാ പരിശോധിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന രേഖകൾ. ചുരുക്കിപ്പറഞ്ഞാൽ അക്കാദമികമായ അന്വേഷണത്തെ വിശുദ്ധമായ ദൈവവിളിപോലെ ഉപാസിച്ച ഒരു ഗവേഷകനെയാണ് ഈ കൃതി വരച്ചുകാട്ടുന്നത്.

ഈ പുസ്തകം മലയാളത്തിലാക്കാൻ തീരുമാനിച്ചത് നന്നായി. മത്തിമൂസയുടെ ഇംഗ്ലീഷ് വിവർത്തനമാണ് ശ്രീ. ജേക്കബ് വർഗീസ് ആധാരമാക്കിയിട്ടുള്ളത്. സ്ഥലനാമങ്ങളിലും വീട്ടുപേരുകളിലും മറ്റും ഇത് ഒട്ടേറെ ക്ലേശം സൃഷ്ടിച്ചിട്ടുണ്ട് എന്ന് മൂസയുടെ പുസ്തകം വായിച്ചിട്ടുള്ളവർക്ക് ഊഹിക്കാൻ കഴിയും. എങ്കിലും ശ്രമകരമായ ഈ കർത്തവ്യം അർപ്പണബോധത്തോടെ ഏറ്റെടുക്കുകയും സ്തുത്യർഹമായി പൂർത്തീകരിക്കുകയും ചെയ്ത വിവർത്തകനെ അഭിനന്ദിക്കാതെ വയ്യ.

അത്യധികം സന്തോഷത്തോടെ ഈ മലയാളവിവർത്തനം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. മാർത്തോമ്മാ ശ്ലീഹായുടെയും യാക്കൂബ് തൃതീയൻ ബാവായുടെയും പ്രാർത്ഥന ഇത് വായിക്കുന്നവർക്ക് കോട്ടയായിരിക്കട്ടെ.

ചീരോത്തോട്ടം, | **ഡി. ബാബുപോൾ**
കവടിയാർ, തിരുവനന്തപുരം 3 | **ബാറീത്തോബ്രീറോ**
2011-ലെ ദനഹാപ്പെരുന്നാൾ

# പ്രസാധകക്കുറിപ്പ്

പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് സുറിയാനി സഭയുടെ ആധുനിക യുഗത്തിലെ മുഖ്യശില്പിയും പാത്രിയർക്കീസന്മാരുടെ നിരയിലെ മാണിക്യവുമാണ്. സുറിയാനി സഭയ്ക്ക് ആഗോള പ്രസക്തി ലഭിക്കുവാൻതക്കവണ്ണം ലോക സഭാസമിതിയിൽ അംഗത്വം എടുക്കുകയും കത്തോലിക്കാ-ഓർത്തഡോക്സ് സഭകളുമായി സജീവ എക്യുമെനിക്കൽ ബന്ധം തുടങ്ങിവച്ചതും ഇദ്ദേഹമാണ്.

ധിഷണശാലിയായ ഗവേഷകനും ഗ്രന്ഥകാരനും എന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ അനശ്വരങ്ങളാണ്. ഞങ്ങൾതന്നെ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള *സുറിയാനിസഭാചരിത്രം, പ്രത്യക്ഷ സത്യം*[1] തുടങ്ങിയ കൃതികളിലൂടെ മലയാള വായനക്കാർക്കും അദ്ദേഹം സുപരിചിതനാണ്. സുറിയാനി സഭാചരിത്രം രണ്ടാം ഭാഗം അറബിയിലും സുറിയാനിയിലും ലഭ്യമാണെങ്കിലും ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായിട്ടില്ല. മലയാള പരിഭാഷയ്ക്കുവേണ്ടി ചെയ്ത ചില പരിശ്രമങ്ങൾ ഫലവത്താകാതെ വന്നതുമൂലം ഉപേക്ഷിക്കേണ്ടിവന്നു.

മലങ്കരയിൽ ഒരു വ്യാഴവട്ടക്കാലം അബ്ദുൾ ആഹാദ് റമ്പാനായി ചെലവഴിച്ചതിനുശേഷം ഇറാക്കിൽ മടങ്ങി എത്തിയകാലത്ത് മലങ്കരസഭയെക്കുറിച്ച് അറിയുവാനായി അദ്ദേഹത്തെ സമീപിച്ചിരുന്ന പരദേശ സുറിയാനിക്കാരെ മുന്നിൽകണ്ട് എഴുതിയ ഒരു കൃതിയാണ് *ഇന്ത്യയിലെ സുറിയാനി സഭ*. അറബിഭാഷയിൽ തയ്യാറാക്കിയ ഈ കൃതി 2009-ലാണ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തപ്പെട്ടത്. അമേരിക്കയിൽ ഡോ. മത്തി മൂസാ എന്ന സുറിയാനിക്കാരനാണ് പരിഭാഷ ചെയ്തത്. സുറിയാനി ഭാഷയ്ക്കും സഭയ്ക്കും അമൂല്യ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ജോർജ് ആന്റൺ കിരാസ് ഗോർജിയാസ് പ്രസിലൂടെ ഈ കൃതി പ്രസാധനം ചെയ്യുകയും മലയാള പരിഭാഷയ്ക്കായി എന്നെ സദയം അനുവദിക്കുകയും ചെയ്തു. അതീവ താല്പര്യത്തോടെ കാത്തിരുന്ന ഈ കൃതിയുടെ പരിഭാഷ നിർവഹിച്ചത് എന്റെ പ്രിയ സുഹൃത്തും സഭാസ്നേഹിയുമായ അയിരൂർ മാന്നാകുഴിയിൽ പരേതനായ ഗീവർഗീസ് കോർഎപ്പിസ്കോപ്പായുടെ മകൻ ജേക്കബ് വർഗീസാണ്. വളരെ സമർത്ഥമായി ഈ പരിഭാഷ അദ്ദേഹം പൂർത്തീകരിക്കുകയും പ്രൂഫ് റീഡിങ്ങിൽ എന്നെ സഹായിക്കുകയും ചെയ്തു.

---

* *കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥ നില* എന്ന കൃതി കാണുക

മലങ്കര സഭാ ചരിത്ര സംബന്ധമായി അനേകം അറിയപ്പെടാതെ കിടന്ന രേഖകളുടെ നേർകാഴ്ച ഈ കൃതിയിലുണ്ട്. ഒരു പണ്ഡിതന്റെ സൂക്ഷ്മതയും ഒരു ചരിത്രകാരന്റെ വിവേചനവും ഒരു ഗവേഷകന്റെ നിർമമതയും ഒരു നിരീക്ഷകന്റെ നിഷ്പക്ഷതയും ഒരു വിമർശകന്റെ നിർഭയത്വവും ഈ കൃതിയിൽ കാണാം. ഇടവഴിക്കൽ കുടുംബത്തിലെ വൈദികരുടെ സേവന മഹാത്മ്യങ്ങളെ കലവറയില്ലാതെ പ്രശംസിക്കമ്പോഴും കുറവുകളെ ചൂണ്ടിക്കാണിക്കുന്നു. യൂയാക്കീം മോർ കൂറീലോസ് ബാവായുടെ വ്യക്തിതാല്പര്യങ്ങളെ മറച്ചുവയ്ക്കുന്നുമില്ല. ഇവ ചില ഉദാഹരണങ്ങൾമാത്രം. സ്വപക്ഷ നിലപാടുകളെ ന്യായീകരിക്കുവാൻമാത്രം ചരിത്രരചനകൾ നിർവഹിക്കുന്ന ഇക്കാലത്ത് യാക്കൂബ് തൃതീയൻ ബാവായുടെ ഈ കൃതിയും ശൈലിയും നമുക്കു വലിയ പ്രചോദനമാണ്.

1951 വരെയുള്ള ചരിത്രമാണ് ഇതെന്നത് ഗ്രന്ഥത്തിന്റെ ഒരു പരിമിതിയാണ്. 1958-ലെ സഭാസമാധാനവും 1964-ലെ കാതോലിക്കാ വാഴ്ചയും ഒക്കെ ചേർന്ന് ഈ ചരിത്രത്തിന്റെ രണ്ടാം ഭാഗം ചരിത്രകാരന് തുടരുവാൻ കഴിയാതെ പോയത് ചരിത്ര വിദ്യാർത്ഥികൾക്ക് ഒരു തീരാനഷ്ടമാണ്. യാക്കോബ് തൃതീയൻ ബാവായെ സംബന്ധിക്കുന്ന ഒരു കുറിപ്പും തുടന്നു വായിക്കാം.

അതീവ ചാരിതാർത്ഥ്യത്തോടും ദൈവിക സ്തുതിപ്പുകളോടും കൂടി ഈ കൃതി ചരിത്രകുതുകികൾക്കായി സമർപ്പിക്കുന്നു.

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

ചീരഞ്ചിറ
കൂദോശ് ഈത്തോ, 2010

ഗ്രന്ഥകാരൻ

# മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് -ഒരു അനുസ്മരണം-

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

## ആമുഖം

സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നിർണായകനേതൃത്വം വഹിച്ച പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് സമർത്ഥനായ ഭരണാധികാരിയും അനുഗൃഹീതമായ ശബ്ദസവിശേഷതയുടെ ഉടമയും ആരാധനാനുഷ്ഠാന സൗകുമാര്യം കൊണ്ട് അനുഗ്രഹീതനും പ്രായോഗികബുദ്ധിയുള്ള സഭൈക്യനേതാവും പണ്ഡിതനായ ഗ്രന്ഥകാരനും സഭയെ ശക്തിപ്പെടുത്തിയ എക്യുമെനിക്കൽ വക്താവും മലയാളഭാഷ അനായാസം കൈകാര്യം ചെയ്തിരുന്ന 'മലയാളിയായ പാത്രിയർക്കീസും' ആയിരുന്നു. അദ്ദേഹം രചിച്ച ഈ കൃതിയുടെ പ്രാരംഭമായി ആ മഹാത്മാവിന്റെ ഒരു രേഖാചിത്രം അവതരിപ്പിക്കുന്നത് ഉചിതമായിരിക്കും എന്നു വിശ്വസിക്കുന്നു.

## ജനനവും വിദ്യാഭ്യാസവും

ഇറാക്കിലെ ബർത്‌ലേ എന്ന സ്ഥലത്ത് തൗമാമാറി കുടുംബത്തിൽ ജനിച്ച് (ഒക്ടോബർ 12, 1912) സുറിയാനി സഭാപാരമ്പര്യത്തിൽ വളർന്ന യാക്കൂബിന്റെ സഭാജീവിതം ആരംഭിക്കുന്നത് പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവായിൽനിന്നും ശെമ്മാശ് സ്ഥാനം സ്വീകരിച്ചതോടെയാണ്. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കശീശാസ്ഥാനം നല്കി 1933-ൽ മഞ്ഞിനിക്കരയിലേക്ക് മോർ യൂലിയോസ് ഏലിയാസ് ബാവായുടെ സഹായിയായി അയച്ചു. 21 വയസ് മാത്രം പ്രായമുണ്ടായിരുന്ന ഈ യുവ റമ്പാൻ തന്റെ പരന്ന വായനകൊണ്ടും ബുദ്ധിസവിശേഷതകൊണ്ടും സ്വരമാധുര്യം കൊണ്ടും അധ്യാപനസവിശേഷതകൊണ്ടും മഞ്ഞിനിക്കര ദയറായിലെ വൈദികാഭ്യസനകേന്ദ്രത്തിലെ പ്രധാന വ്യക്തിയായിത്തീർന്നു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശീഹാ പാത്രിയർക്കീസിനെ സംബന്ധിച്ചും അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ സ്വീകാര്യത സംബന്ധിച്ചും മലങ്കരസഭയിൽ പ്രചരിപ്പിക്കപ്പെട്ട ദുഷ്പ്രചാരണങ്ങളുടെ നിജസ്ഥിതി

വെളിച്ചത്തു കൊണ്ടുവരുവാനും കാതോലിക്കാസ്ഥാപനത്തിന്റെ കാനോനികവും ചരിത്രപരവുമായ യാഥാർത്ഥ്യങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിച്ചു പ്രചരിപ്പിക്കുവാനും മറ്റും ഈ പണ്ഡിതാഗ്രേസരൻ പ്രവർത്തിച്ചതിന്റെ ഫലമായി പ്രസിദ്ധീകൃതങ്ങളായ ലഘുകൃതികൾ സഭാചരിത്രപഠിതാക്കൾക്ക് അനിവാര്യങ്ങളാണ്. കഴിഞ്ഞ തലമുറയിലെ വൈദികരുടെ ഗുരുഭൂതനെന്ന നിലയിലും മലങ്കരസഭാമക്കളുടെ ഇടയിൽ പെരുമ നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

1946-ൽ സ്വദേശത്തേക്കു മടങ്ങിയ അബ്ദുൾ ആഹാദ് റമ്പാൻ മോസൂളിലെ (മൂസൽ) സെയ്ന്റ് എഫ്രേം സെമിനാരിയിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 1950-ൽ ബേറൂട്ട്-ദമസ്കോസ് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയി പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ മോർ സേവേറിയോസ് എന്ന പേരിൽ ഉയർത്തി. പരിശുദ്ധ പാത്രിയർക്കീസ് ബാവാ കാലംചെയ്തപ്പോൾ 1957-ൽ പരിശുദ്ധ സുന്നഹദോസ് ആകമാന സുറിയാനിസഭയുടെ പരമാധ്യക്ഷനായി ഇദ്ദേഹത്തെ തെരഞ്ഞെടുക്കുകയും 1957 ഒക്ടോബർ 27-ാം തീയതി പാത്രിയർക്കീസായി വാഴിക്കുകയും ചെയ്തു. ഇദ്ദേഹം പാത്രിയർക്കാ ആസ്ഥാനം ഹോംസിൽനിന്നും ദമാസ്കസിലേക്ക് മാറ്റുകയും ലബനോനിൽ സഭയ്ക്ക് പ്രൗഢമായ ഒരു വൈദികസെമിനാരി സ്ഥാപിക്കുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ അന്ത്യംവരെയും പശ്ചിമേഷ്യയുടെ പറുദീസായും പശ്ചിമപൂർവദിക്കുകളിലേക്കുള്ള യാത്രാസംഗമവേദിയുമായിരുന്ന ലബനോനിലെ ബേറൂട്ടിലും അച്ചാനിലും സഭയ്ക്ക് അഭിമാനകരമായ പല സ്ഥാപനങ്ങളും പടുത്തുയർത്തുവാൻ ബാവായ്ക്ക് കഴിഞ്ഞിരുന്നു. 1964-ൽ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ യാത്രാവിവരണം തയ്യാറാക്കിയ ഫാ. റ്റി.സി. ജേക്കബ്* ഇതേക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക. (പേജ് 58-61)

## മലങ്കര സഭാസമാധാനം

പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവായുടെ കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങളിൽ ഒന്ന് മലങ്കര സഭാ സമാധാനമാണ്. മലങ്കരസഭയ്ക്കുള്ള തന്റെ പ്രഥമകല്പനയിൽ സഭാസമാധാനത്തെക്കുറിച്ച് പറയുന്നതിങ്ങനെയാണ്.

> *ഇവയെല്ലാം ഇപ്രകാരം യോഗ്യമായി നടത്തപ്പെടുകയും, ക്രമീകരിക്കപ്പെടുകയും തന്മൂലം നമുക്കും സഭാമക്കൾക്കെല്ലാവർക്കും ആഹ്ലാദം ആഗതമാകുകയും ചെയ്തിരിക്കെ, നമ്മുടെ പൈതൃകമായ ഹൃദയത്തെ വേദനിപ്പിക്കുന്നത് ഒരൊറ്റ കാര്യം മാത്രമാണ്. ആയത്, സഭയുടെ പ്രിയപ്പെട്ട ആ വിഭാഗം-അതായത് മലങ്കര, അനേകകാലമായി സങ്കടകരവും, വിരുദ്ധതാപരമായ ഭിന്നതകളാ*

* *എത്യോപ്യൻ സുന്നഹദോസും വിശുദ്ധനാടു സന്ദർശനവും*, കോട്ടയം (1965)

*കുന്ന ഓളങ്ങളുടെ ഇടയിൽ വിഷമിക്കുന്നത് - നമ്മുടെ കൈകൾകൊണ്ട് സ്പർശിക്കുകയും നമ്മുടെ കണ്ണുകൊണ്ട് കാണുകയും ചെയ്ത ആ വസ്തുത തന്നെ. ഈ ഭിന്നതകളാണ്-വലത്തോട്ടും ഇടത്തോട്ടുമുള്ള അതിന്റെ വിപുലീകരണത്തിനും, പ്രചാരത്തിനുമുള്ള മാർഗ്ഗത്തിൽത്താമസവും തടസ്സവും വരുത്തുന്ന കാരണങ്ങൾ. ഭിന്നിച്ചിരിക്കുന്നവരെ ഒന്നിപ്പിക്കുവാൻ നാം അത്യധികം കാംക്ഷിക്കുന്നു. വിഭജിച്ചിരിക്കുന്നവരെ യോജിപ്പിക്കുവാൻ നാം താൽപര്യത്തോടിരിക്കുന്നു. ഏകതൊഴുത്തിൽ, വിശ്വാസികളെ സ്നേഹത്തോടും പൈതൃകമായും ഒരുമിച്ചുകൂട്ടുവാൻ നാം വാഞ്ഛിക്കുന്നു. മലങ്കരയും ഇന്ത്യയും പരിശുദ്ധ അന്ത്യോഖ്യാസിംഹാസനവുമായുള്ള ആദ്ധ്യാത്മികമായ ആ ബന്ധം അഴിഞ്ഞുപോകാതെ പാലിക്കുവാൻ നാം ഉത്സാഹത്തോടിരിക്കുന്നു. ആകയാൽ നമ്മുടെ ഹൃദയത്തെ സമാധാനത്തിനും യോജിപ്പിനുമായി നാം വിശാലമായി തുറന്നിടുന്നു. അകന്നുപോയവരെ തിരികെ വരുത്തുവാനും, എല്ലാവരെയും വാത്സല്യത്തോടെ ആലിംഗനം ചെയ്യുവാനും നമ്മുടെ കരങ്ങൾ നാം നീട്ടുന്നു. ഇതാണ് നമ്മുടെ പ്രഥമമായ ആഗ്രഹം. ഇതാണ് നമ്മുടെ മഹോന്നതമായ ലക്ഷ്യം. പൈതൃകമായ നമ്മുടെ ഈ ഉദ്ദേശ്യത്തെ പരസ്പരം അറിയിക്കുവിൻ. സഭയുടെ ഐക്യത്തിനും യോജിപ്പിനുമായി പരസ്പരം പ്രബോധിപ്പിക്കുവിൻ. നന്മയിൽ വിജയിച്ചു മുന്നേറുവിൻ. സുകൃതങ്ങളുടെ പിന്നാലെ പാഞ്ഞുചെന്ന് ഉത്തമരാകുവിൻ. നമ്മുടെ പരിശുദ്ധപിതാക്കന്മാർ അവരുടെ രക്തംകൊണ്ടു നമ്മെ മുദ്രയിട്ടു നമ്മെ ഭരമേല്പിച്ചിരിക്കുന്ന സത്യവിശ്വാസത്തെ സൂക്ഷ്മതയോടെ സംരക്ഷിക്കുവിൻ. അങ്ങനെ നിങ്ങൾ ശോഭിതമണവാട്ടിയായ സഭയുടെ യഥാർത്ഥ മക്കളായി തീരുമാറാകട്ടെ.*

പാത്രിയർക്കീസ്പക്ഷം കേസിൽ പൂർണമായി വിജയിച്ചുനില്ക്കുമ്പോഴാണ് ഈ കല്പന ഉണ്ടാകുന്നതെന്നത് പ്രത്യേകം പ്രധാന്യമർഹിക്കുന്നു. 1958-ൽ സഭാസമാധാനത്തെ പ്രതി ബസേലിയോസ് ഗീവർഗീസ് ദ്വിതീയനെ പൗരസ്ത്യ കാതോലിക്കാ ആയി സ്വീകരിക്കുകയും 1964-ൽ കോട്ടയത്ത് എഴുന്നെള്ളിവന്ന് ഔഗേൻ പ്രഥമൻ ബാവായെ കാതോലിക്കാ സ്ഥാനത്തേക്കു വാഴിച്ച് സഭയെ ഒന്നാക്കിത്തീർക്കുകയും ചെയ്തു. നിർഭാഗ്യവശാൽ ഈ സമാധാനവും ഐക്യവും നിലനിർത്തുവാൻ മലങ്കര സഭാനേതൃത്വത്തിൽ കഴിഞ്ഞില്ല. വീണ്ടും പിളർപ്പുണ്ടാകുകയും* 1975-ൽ പൗലോസ് മോർ പീലക്സിനോസ് ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന സ്ഥാനനാമത്തിൽ കാതോലിക്കോസ് ആയി വാഴിക്കപ്പെടുകയും ചെയ്തു (സെപ്തംബർ 7, 1975). ഔഗേൻ പ്രഥമൻ ബാവായും സുന്നഹദോസും (രണ്ട് അംഗ

* *വിശദാംശങ്ങൾക്ക് പെരുമ്പിള്ളി തിരുമേനി-മലങ്കരസഭയുടെ കാൽനൂറ്റാണ്ട്,* കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ, മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ-686106 (2001)

ങ്ങൾ ഒഴികെയുള്ളവർ) സ്വതന്ത്രസഭാ നിലപാട് സ്വീകരിക്കുകയും മോർ തോമാസിംഹാസന പിന്തുടർച്ചയും പാത്രിയർക്കാതുല്യതയുള്ള കാതോലിക്കേറ്റും അവകാശപ്പെടുകയും മലങ്കരയിലെ ഇടവകപള്ളികളുടെ സ്വത്തുക്കളിന്മേലുള്ള അധികാരം ഉറപ്പിക്കുവാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തപ്പോൾ പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവായ്ക്ക് താൻ സംസ്ഥാപിച്ച സമാധാനവും ഐക്യവും തകരുന്നത് കാണേണ്ടിവന്നു. മലങ്കരസഭയ്ക്ക് ആവശ്യമായ കൂടുതൽ മെത്രാപ്പോലീത്താമാരും ഭരണ സംവിധാനങ്ങളും എല്ലാം സ്ഥാപിക്കുന്നതിനു പരിശുദ്ധ ബാവാ നേതൃത്വം നല്കി.

## സുറിയാനിസഭയുടെ പാശ്ചാത്യവ്യാപനം

സുറിയാനി സഭാംഗങ്ങൾ മധ്യപൗരസ്ത്യദേശത്തും ഇന്ത്യയിലും ആയി കേന്ദ്രീകരിച്ചിരുന്ന ഒരു പുരാതനസഭാ വിഭാഗമായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ സുറിയാനിക്കാർ അമേരിക്കൻ ഐക്യനാടുകളിൽ താമസവും സഭാജീവിതവും ആരംഭിച്ചിരുന്നുവെങ്കിലും യൂറോപ്പിലും ഇതര രാജ്യങ്ങളിലും സുറിയാനിക്കാർ സംഘടിതരായി താമസിക്കുവാൻ ആരംഭം കുറിച്ചത് പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവാ ആരംഭിച്ച യൂറോപ്യൻ സഭാബന്ധങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു. ജർമ്മനിയിലെ  ഗോട്ടിങ്ങൻ സർവ്വകലാശാലയിൽ നടത്തിയ പ്രഭാഷണ പരമ്പര* സുറിയാനിസഭയുടെ പൗരാണിക പൈതൃകങ്ങളെക്കുറിച്ച് യൂറോപ്യൻ പണ്ഡിതന്മാരെയും സഭാനേതൃത്വങ്ങളെയും അനുസ്മരിക്കുവാൻ ഇടയാക്കി. പശ്ചിമേഷ്യയിലെ രാഷ്ട്രീയ-മത പശ്ചാത്തലത്തിൽ സുറിയാനിക്കാർക്ക് യൂറോപ്പിലേക്കു കുടിയേറിപ്പാർക്കുവാൻ കൂടുതൽ പ്രചോദനം നല്കിയതും സഭാവ്യാപനത്തിനു സഹായകമായിരുന്നു.

## എക്യുമെനിക്കൽ ബന്ധങ്ങൾ

സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് എക്യുമെനിക്കൽ സംഘടനകളിൽ സജീവപങ്കാളിത്തം ലഭ്യമാകുന്നത് പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവായുടെ കാലഘട്ടത്തിലാണ്. ലോകസഭാ കൗൺസിൽ അംഗത്വം 1963-ലും കത്തോലിക്കാ സഭയുമായുള്ള ഔദ്യോഗികസന്ദർശനബന്ധങ്ങൾ 1970-ലും ആരംഭിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭയുടെ ഔദ്യോഗികപ്രതിനിധിയെ അയച്ചു. വിയന്നായിലെ 'പ്രൊ ഓറിയന്റെ'യുടെ അനൗദ്യോഗിക ദൈവശാസ്ത്രപഠനങ്ങളിലും സഭ സജീവപങ്കാളിയായി. ഇങ്ങനെ പ്രൊട്ടസ്റ്റന്റ് സഭാസമൂഹങ്ങളുമായി പൊതുജീവിത ഐക്യസാക്ഷ്യമേഖലകളിൽ അടുത്തുവരുവാനും കത്തോലിക്കാ സഭയുമായി വിശ്വാസസംസർഗ മേഖലകളിൽ കൂടുതൽ അടുത്തുവരുവാനും ഇടയായത് പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തുടങ്ങിവച്ച എക്യുമെനിക്കൽ മനോ

---

* *The Syrian Orthodox Church of Antioch* (English)

ഭാവത്തിന്റെ അനന്തരഫലമായാണ്. ബാവായുടെ എക്യുമെനിക്കൽ ബന്ധങ്ങളിൽ പ്രധാന കണ്ണിയായി പ്രവർത്തിച്ച വ്യക്തിയാണ് ഇപ്പോഴത്തെ ഭാഗ്യവാനായ പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ. പരിശുദ്ധ സാഖാ പ്രഥമൻ ബാവാ ലോകസഭ കൗൺസിൽ പ്രസിഡന്റുമാരിൽ ഒരാളായി പ്രവർത്തിച്ചിരുന്നു. കാൽസിഡോണിയൻ ഓർത്തഡോക്സ് സഭകളുമായി (ഈസ്റ്റേൺ ഓർത്തഡോക്സ്) സജീവബന്ധം പുലർത്തുവാനുള്ള പശ്ചാത്തലവും പ. ബാവായുടെ എക്യുമെനിക്കൽ ബന്ധങ്ങളുടെ അനന്തരഫലങ്ങളാണ്.

## ഓറിയന്റൽ ഓർത്തഡോക്സ് സഭാബന്ധങ്ങൾ

ആദ്യ മൂന്നു പൊതുസുന്നഹദോസുകളിൽ നിർവചിച്ചിട്ടുള്ള പൗരാണിക വിശ്വാസപൈതൃകത്തിലൂടെ വിശ്വാസഐക്യവും കൂദാശാസംസർഗവും നിലനിർത്തി വരുന്ന സഭകളാണ് 'ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ' എന്നറിയപ്പെട്ടുവരുന്നത്. കോപ്റ്റിക് ഓർത്തഡോക്സ് എന്ന പേരിൽ അറിയപ്പെടുന്ന അലക്സാൻഡ്രിയൻ സിംഹാസനത്തിന്റെയും അന്ത്യോഖ്യൻ സിംഹാസനത്തിന്റെയും പൗരോഹിത്യ-സുവിശേഷീകരണ പശ്ചാത്തലത്തിൽ വളർന്നുവന്ന സഭകളാണ് ഇവയെല്ലാം. അർമ്മീനിയൻ സഭയുടെ പ്രാരംഭ പ്രവർത്തനങ്ങളിൽ സിറിയൻ മിഷനറിമാരുടെ സജീവബന്ധം ഇന്നും പ്രസ്തുതസഭ താല്പര്യപൂർവ്വം അനുസ്മരിക്കുന്നുണ്ട്. ഓറിയന്റൽ ഓർത്തഡോക്സ് സഭാസംസർഗത്തിലുള്ള സഭകൾ താഴെപ്പറയുന്നവയാണ്.

1. സുറിയാനി ഓർത്തഡോക്സ് സഭ
2. കോപ്റ്റിക് ഓർത്തഡോക്സ് സഭ
3. അർമീനിയൻ ഓർത്തഡോക്സ് സഭ
4. എത്യോപ്യൻ ഓർത്തഡോക്സ് സഭ
5. എറിത്രിയൻ ഓർത്തഡോക്സ് സഭ

(ഇന്ത്യയിൽ സ്വതന്ത്രസഭാ പ്രഖ്യാപനം നടത്തിയിട്ടുള്ള കാതോലിക്കാ വിഭാഗവും ഉൾപ്പെടുന്നതാണ് 'സുറിയാനി ഓർത്തഡോക്സ് സഭ')

പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഈ സഭകളുമായുള്ള ബന്ധം വളരെ സജീവമായി നിലനിർത്തിയിരുന്നു. ബേറൂട്ടിൽ യാക്കൂബ് മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ ആന്റലിയാസിലെ കാതോലിക്കോസിനെ വാഴിക്കുവാൻ സഹകാർമ്മികത്വം വഹിച്ച മൂന്നുപേരിൽ ഒരാളായിരുന്നു യാക്കൂബ് തൃതീയൻ ബാവാ. ഇപ്പോഴത്തെ അലക്സാന്ത്ര്യാ പാത്രിയർക്കീസ് പരിശുദ്ധ പോപ് ഷെനൂഡാ*യുടെ വാഴ്ചയിൽ പ്രധാന കാർമ്മികത്വം വഹിക്കുകയും സ്ഥാനാഭിഷേകപ്രസംഗം നടത്തിയതും പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായായിരുന്നു. 1965-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി

* അലക്സന്ത്ര്യാ പാത്രിയർക്കീസിനെ വിശ്വാസികൾ 'പോപ്' എന്ന് വിശേഷിപ്പിക്കുകയും 'ബാബ' എന്ന് സംബോധന ചെയ്യുകയും ചെയ്യുന്നു.

സലാസി വിളിച്ചു ചേർത്ത ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനത്തിലും പ. യാക്കൂബ് തൃതീയൻ ബാവാ വളരെ സജീവ പങ്കാളി ആയിരുന്നു.

## സംഗീതജ്ഞനായ പാത്രിയർക്കീസ്

സുറിയാനിക്കാർ പൊതുവെ സംഗീതപശ്ചാത്തലമുള്ള ഒരു ആരാധനാപൈതൃകത്തിലെ കണ്ണികളാണ്. സുറിയാനി സംഗീതശാസ്ത്രം വളരെ തലമുറകൾ പകർന്നു വന്നിട്ടുള്ള സാങ്കേതികത്വം നിറഞ്ഞുനില്ക്കുന്ന ഒരു സംഗീത സ്രോതസാണ്. സുറിയാനി സംഗീത സാഗരം വൈവിധ്യം നിറഞ്ഞ ഒരു സമസ്യകൂടിയാണ്. അതിൽ ആഴത്തിൽ മുങ്ങുന്നവർക്കും പ്രതിഭയും പ്രജ്ഞയും ഒരുപോലെ ആവശ്യമാണ്. പരിശുദ്ധ ബാവാ ഇവയെല്ലാം ഒത്തിണങ്ങിയ ഒരു മഹാപ്രഭാവവാനായിരുന്നു. അമേരിക്കയിലെ ആർച്ച്ബിഷപ്പായിരുന്ന യേശു മോർ അത്താനാസ്യോസ് ഈ വൈദഗ്ദ്ധ്യം മുഴുവനായും ശേഖരിക്കുവാൻ മുൻകൈ എടുത്തതുകൊണ്ട് 'സുറിയാനി സംഗീതതരാഗങ്ങൾ' പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവായുടെ ശബ്ദത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. www.syriac orthodox resources.com-ൽ ഇന്റർനെറ്റിൽ ഈ ശേഖരം ലഭ്യമാണ്. സംഗീതജ്ഞനായ ഈ പാത്രിയർക്കീസിന്റെ സേവനം മലങ്കരസഭയിലും ലഭ്യമായിരുന്നതുകൊണ്ട് മലങ്കരസഭയിലെ പില്ക്കാല മല്പാന്മാരിലൂടെ ഈ വൈദഗ്ദ്ധ്യം മലയാളക്കരയിലും നിലനില്ക്കുന്നുണ്ട്. വന്ദ്യനായ കോരുതു മല്പാനച്ചന്റെ കാസെറ്റുകളിൽ ഈ വൈദഗ്ദ്ധ്യത്തിന്റെ പകർച്ചയും കടപ്പാടും രേഖപ്പെടുത്തിയിട്ടുണ്ട്.

## ഗ്രന്ഥകാരനായ പാത്രിയർക്കീസ്

അബ്ദുൾ ആഹാദ് റമ്പാനായി മഞ്ഞിനിക്കരയിൽ താമസിക്കുന്ന കാലം മുതൽ ആരംഭിച്ച ഗ്രന്ഥരചനാ-പ്രഭാഷണ പാടവം പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവാ ആജീവനാന്തം തുടർന്നു. സുറിയാനി, അറബി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പരിശുദ്ധ പിതാവിന്റെ രചനകൾ ലഭ്യമായിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ 1940-കളിൽ മലങ്കരസഭയിൽ അന്ത്യോഖ്യാസിംഹാസന മഹിമയും കാതോലിക്കേറ്റിന്റെ യഥാർത്ഥനിലയും വ്യക്തമാക്കുവാൻ ഏറ്റവും അധികം രചനകൾ നടത്തിയിട്ടുള്ള വ്യക്തി പരിശുദ്ധ യാക്കൂബ് തൃതീയൻ ബാവായായിരുന്നു.* (അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന ചില സാരവത്തായ 'ലഘുലേഖകൾ' വിലതീരാത്ത മുത്തുകളും ചരിത്രരേഖകളുമായി ഈ ലേഖകൻ സമാഹരിച്ചു സംരക്ഷിച്ചിട്ടുണ്ട്. സാമ്പത്തികലഭ്യത അനുസരിച്ച് അവ പുനഃപ്രകാശനം ചെയ്യണമെന്നാഗ്രഹമുണ്ട്.)

പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സഭാചരിത്രവിജ്ഞാനത്തിന്റെയും ഗവേഷണചതുരതയുടെയും ആവിഷ്കരണ

---

* *കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥ നില* എന്ന കൃതി കാണുക.

സമഗ്രതയുടെയും സവിശേഷസാക്ഷ്യമാണ് ഈ കൃതി. ഇത് ഇപ്പോൾ സംശോധനം ചെയ്ത് പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയ ദൈവകൃപയെ ഒരു മഹാഭാഗ്യമായാണ് ഞാൻ കരുതുന്നത്.

മലങ്കര സുറിയാനിസഭയുടെ ചരിത്രം ഗവേഷണവൈദഗ്ദ്ധ്യത്തോടെ അവതരിപ്പിച്ചിരിക്കുന്ന മഹത്തായ ഒരു കൃതിയാണിത്. ഇതുവരെ വെളി ച്ചത്തു വന്നിട്ടില്ലാത്ത അനേകം രേഖകളുടെ അവതരണത്തിലൂടെ ഈ കൃതി കൂടുതൽ പ്രാധാന്യമർഹിക്കുന്നു. കോട്ടയം ഇടവഴിക്കൽ കുടുംബത്തിലെ രേഖകളുടെ പ്രാധാന്യവും പ്രസക്തിയും മനസ്സിലാക്കുവാനും ഈ കൃതി പ്രയോജകീഭവിച്ചിട്ടുണ്ട്.

ഈ കൃതി അറബിഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത മത്തി മൂസായോട് മലങ്കരസഭാചരിത്രവിദ്യാർത്ഥികൾ കടപ്പെട്ടിരി ക്കുന്നു. ഒപ്പം മലയാളത്തിലേക്കുള്ള വിവർത്തനത്തിനു പ്രോത്സാഹിപ്പിച്ച ജോർജ് കിരാസിനും നന്ദി രേഖപ്പെടുത്തുന്നു.

# ഗ്രന്ഥകർത്താവിന്റെ* മുഖവുര

ഇറാക്കിലെ ബഹുമാന്യരായ ചില സുറിയാനിക്കാർ, ഇന്ത്യയിലെ സുറിയാനി സഭയുടെ ഒരു ചരിത്രവും പ്രസ്തുത സഭയുടെ അന്ത്യോഖ്യാ ശ്ലൈഹിക സിംഹാസനവുമായുള്ള ബന്ധവും ചേർത്ത് ഒരു ഗ്രന്ഥം രചിക്കുവാൻ എന്നോട് അഭിപ്രായപ്പെടുകയുണ്ടായി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര സീമയിലായിരുന്നു ഇന്ത്യ എന്നുള്ളതിനാലും ആ സഭയുടെ സ്ഥിതിവിശേഷങ്ങൾ ഓരോ സുറിയാനി ഓർത്തഡോക്സുകാരനെയും ബാധിക്കുന്നതായതിനാലും ആ രാജ്യത്തെ സുറിയാനിക്കാർ സാംസ്കാരികവും സാമൂഹികവുമായി ഒരു സമാദരണീയ സ്ഥാനം കൈവരിച്ചിരിക്കുന്നതിനാലും അവരുടെ അപേക്ഷയെ സഫലീകരിക്കുന്നത് യുക്തമെന്ന് ഞാൻ കരുതി—പ്രത്യേകിച്ചും ഞാൻ പന്ത്രണ്ടിൽപരം സംവത്സരം ആ രാജ്യത്ത് ചിലവഴിക്കുകയും സുറിയാനിക്കാരെക്കുറിച്ചും അവരുടെ ആചാര്യമര്യാദകളെക്കുറിച്ചും വ്യാപകമായ അറിവ് സമ്പാദിക്കുകയും ചെയ്തിച്ചിട്ടുള്ളതിനാലും. തുടർന്നു വരുന്ന അദ്ധ്യായങ്ങൾ, വിശ്വസനീയങ്ങളായ പുരാതനവും ആധുനികവുമായ സുറിയാനി, അറബി, ഇംഗ്ലീഷ്, മലയാളം—അച്ചടിച്ചതോ കൈയെഴുത്തിൽ അവശേഷിക്കുന്നതോ ആയ—രേഖകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഏറ്റവും ആധികാരികമായ വിവരണങ്ങളാണ്. ഈ ഗ്രന്ഥം രചിക്കുന്നതിനുണ്ടായ മഹത്തായ ഉദ്ദേശ്യത്തെ ഫലവത്തായി കാണുമാറ് പണ്ഡിതരിൽ നിന്നും വേണ്ട അംഗീകാരം ഇതിന് ലഭിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

നമ്മുടെ ഭദ്രാസനാസ്ഥാനത്തുനിന്നും.

ജൂൺ 6, 1951

---

* മോർ സേവേറിയോസ് യാക്കൂബ് മെത്രാപ്പോലീത്ത 1957-ൽ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ എന്ന പേരിൽ അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനമേറ്റു. 1980 ജൂൺ 25-ാം തിയതി കാലംചെയ്തു. ഡമാസ്കസിൽ കബറടക്കി. (സംശോധകൻ)

# ഉള്ളടക്കം

*ഒന്നാം ഭാഗം*

**ഇന്ത്യയിലെ സഭയുടെ സ്ഥാപനവും മറ്റു സഭകളുമായുള്ള അതിന്റെ ബന്ധങ്ങളും** **35–64**

1. ഇന്ത്യാ മഹാരാജ്യം 35
2. ഫലഭൂയിഷ്ടമായ ചന്ദ്രാകാര പ്രദേശങ്ങളും (Fertile Crecent) ഇന്ത്യയിലെ രാജ്യങ്ങളും 38
3. മോർ തോമാ ശ്ലീഹാ 40
4. ഇന്ത്യയുടെ രാജാവായ ഗൊന്തഫോറോസ് 43
5. മോർ തോമാ ശ്ലീഹായുടെ പോരാട്ടങ്ങളും രക്തസാക്ഷിത്വവും 46
6. ഇന്ത്യയിലെ സഭയും 'പൗരസ്ത്യ'വും 50
7. അന്ത്യോഖ്യാ സിംഹാസനവും ഇന്ത്യയിലെ സഭയും 54
8. ഹിറാത്ത് മെത്രാപ്പോലീത്തായും ഇന്ത്യയിലെ സഭയും 57
9. ഇന്ത്യയിലെ സഭയും നെസ്തോറിയ വിഭാഗവും 60
10. റോമായും ഇന്ത്യയിലെ സഭയും 63

*രണ്ടാം ഭാഗം*

**1663–ൽ പോർട്ടുഗീസുകാർ ഇന്ത്യ വിടുന്നതുവരെയുള്ള ഇന്ത്യൻ സഭയുടെ സ്ഥിതി 65–111**

1. എഡേസായിൽനിന്നുള്ള സിറിയൻ കുടിയേറ്റം 67
2. ഇറാക്കിലെ സുറിയാനി സമുദായം 70
3. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പേരിൽ നെസ്തോറിയർ ഇന്ത്യൻ സഭയിൽ നുഴഞ്ഞുകയറുന്നു 73
4. പോർട്ടുഗീസുകാർ ഇന്ത്യയിൽ 75
5. നെസ്തോറിയൻ ശീശ്മ 78
6. യൂസഫ് (ജോസഫ്), അബ്രാഹാം, ശിമഓൻ (Simon) എന്ന മെത്രാന്മാർ 81
7. കൊടുങ്ങല്ലൂരെയും വൈപ്പിൻകോട്ടയിലെയും സെമിനാരികൾ 85
8. ഒന്നാമത്തെ പീഡ 87
9. 1599–ലെ ഉദയംപേരൂർ സുന്നഹദോസ് 90
10. രണ്ടാം പീഡ 95
11. ഉദയംപേരൂർ സുന്നഹദോസിന്റെ കാലം വരെ സുറിയാനിസഭയുടെ വിശ്വാസം 98

12. കൂനൻകുരിശു മുമ്പാകെ മലബാറുകാർ പ്രതിജ്ഞ എടുക്കുന്നു 101
13. തോമാ ഒന്നാമന്റെ തെരെഞ്ഞടുപ്പും ഇട്ടിത്തൊമ്മന്റെ തീക്ഷ്ണതയും 105
14. കർമ്മലീത്താ സമൂഹവും മൂന്നാം പീഡയും 108
15. സഭയുടെ ശത്രുക്കൾക്ക് ദൈവശിക്ഷ 110

*മൂന്നാം ഭാഗം*
**ഡച്ചുകാരുടെ കീഴിൽ ഇന്ത്യയിലെ സഭയുടെ സ്ഥിതി 113–230**
1. മൂസലിലെ മോർ ഗ്രീഗോറിയോസ് അബ്ദൽ ജലീലിന്റെ ഇന്ത്യയിലേക്കുള്ള വരവും അന്ത്യോഖ്യാ സിംഹാസവുമായുള്ള പുനർബന്ധവും 115
2. മുസലിലെ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്ത 118
3. ഗ്രീഗോറിയോസ് അബ്ദൽ ജലീലിന്റെ കത്തുകൾ 120
4. തോമാ രണ്ടാമൻ 124
5. മലബാർ ചരിത്രത്തിൽ ആലപ്പോയിലെ അന്ത്രയോസ് 128
6. കത്തോലിക്ക ചരിത്രത്തിൽ അന്ത്രയോസ് 130
7. ബസേലിയോസ് യൽദോ മപ്രിയാനായുടെയും ഹിദായത്തുള്ള മെത്രാന്റെയും മലബാറിലേക്കുള്ള വരവ് 132
8. ഇയ്യാവാനിസ് ഹിദായത്തുള്ള മെത്രാപ്പോലീത്ത 135
9. ഇയാവാനിസ് ഹിദായത്ത് അള്ളാ മെത്രാപ്പോലീത്തായുടെ പോരാട്ടം 138
10. 1686-ലെ ചെങ്ങന്നൂർ യോഗവും അതിന്റെ തീരുമാനങ്ങളും 142
11. തോമ നാലാമനും നെസ്തോറിയനായ ഗബ്രിയേലും 150
12. തോമാ നാലാമനും ശ്ലൈഹിക സിംഹാസനവും 154
13. വിശ്വാസത്തെപ്രതി തോമാ നാലാമന്റെ തീക്ഷ്ണത 159
14. തോമാ അഞ്ചാമൻ 162
15. തോമാ അഞ്ചാമനും ഇയാവാനീസ് യൂഹാനോൻ അരാക്ചിഞ്ചിയും 165
16. അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് തോമാ അഞ്ചാമൻ അയച്ച കത്തിന്റെ ചുരുങ്ങിയ രൂപം 168
17. സന്യാസിയായ ശക്രള്ളായെ മപ്രിയാനായായി വാഴിക്കുന്നു 172
18. ശക്രള്ളാ മപ്രിയാനായുടെ മലബാർ യാത്ര 176
19. മപ്രിയാന ശക്രള്ള മലബാറിൽ എത്തിച്ചേരുന്നു; ഇയാവാനിസ് യുഹാനോൻ അരക്ചിഞ്ചി തിരികെ പോകുന്നു 179
20. തോമാ അഞ്ചാമൻ, മപ്രിയാന ശക്രള്ളായെ സന്ദർശിക്കാൻ വിസമ്മതിക്കുന്നു 183
21. എഡേസായിലെ മെത്രാപ്പോലീത്തയായ സേവേറിയോസ് അബ്ദൽ ആഹാദിന്റെ മപ്രിയാനാ ശക്രള്ളായ്ക്കുള്ള കത്ത് 186
22. ഡച്ചു കമ്പനി, തോമാ അഞ്ചാമനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു 189
23. തോമാ അഞ്ചാമനുമായി സന്ധിക്കുവാൻ മപ്രിയാന ശക്രള്ളായുടെ ശ്രമം 191

24. തോമാ അഞ്ചാമന്റെ ശാഠ്യബുദ്ധിയെ പാത്രിയർക്കീസ് ശാസിക്കുന്നു 196
25. തോമാ അഞ്ചാമൻ മപ്രിയാന ശക്രുള്ളായുമായി രമ്യതയിലാകുന്നു 199
26. മപ്രിയാന ശക്രുള്ളായുടെ നേട്ടങ്ങൾ 202
27. വെട്ടിക്കൽ മോർ ബഹനാം ദയറായുടെ നിർമാണം 206
28. തോമാ ആറാമന്റെ കീഴടക്കവും അദ്ദേഹത്തിന്റെ പട്ടാഭിഷേകവും 208
29. ബകുദയ്ദായിലെ (കാരക്കോശിലെ) ഗ്രീഗോറിയോസ് യൂഹാനോന്റെ നേട്ടങ്ങൾ 212
30. ആഞ്ഞൂർ ശീശ്മ 215
31. അബ്രഹാമിനെ വിസ്തരിച്ച് മെത്രാൻ പദവിയിൽനിന്നും ഉരിയുന്നു 219
32. മൂസലിലെ മോർ ഇയാവാനിസ് യൂഹാനോൻ കൈവരിച്ച നേട്ടങ്ങൾ 223
33. മലബാറിലെ കത്തോലിക്കർ ലത്തീൻ മെത്രാന്മാർക്കെതിരായി സംഘടിക്കുന്നു 225
34. നാലാം പീഡ 228

*നാലാം ഭാഗം*

**ബ്രിട്ടീഷ് ഭരണാരംഭത്തിൽ മലബാർ സഭയുടെ സ്ഥിതി** **231–291**

1. നവീകരണക്കാരും മലബാറിലെ സുറിയാനി സഭയും 233
2. ഡോ. കേർ, ഡോ. ബുക്കാനൻ എന്നിവരുടെ ദീവന്നാസിയോസ് ഒന്നാമനുമായുള്ള കൂടിക്കാഴ്ച 236
3. മൂസലിലെ ദീയൊസ്കോറോസ് യൂഹാനോന്റെ വരവും അദ്ദേഹത്തെ തിരിച്ചയയ്ക്കുന്നതും 238
4. ദീവന്നാസിയോസ് ഒന്നാമൻ കൈവരിച്ച നേട്ടങ്ങൾ 241
5. ആഞ്ഞൂറുകാർ 243
6. തോമാ എട്ടാമനും പകലോമറ്റം കുടുംബത്തിലെ നേതാക്കളുടെ ശ്രേണിയുടെ അന്ത്യവും 246
7. ജോസഫ് റമ്പാൻ കോട്ടയത്ത് സെമിനാരി സ്ഥാപിക്കുന്നു 250
8. ജോസഫ് റമ്പാൻ ദീവന്നാസിയോസ് രണ്ടാമനാകുന്നു 252
9. ദീവന്നാസിയോസ് രണ്ടാമനെന്ന് വിളിക്കപ്പെടുന്നയാളും നവീകരണക്കാരും 255
10. ദീവന്നാസിയോസ് മൂന്നാമനെന്ന് വിളിക്കപ്പെടുന്നയാളും നവീകരണക്കാരും 258
11. അത്താനാസിയോസ് അബ്ദൽ മശീഹ് മലബാറിലെത്തുന്നു 262
12. ആഞ്ഞൂർ പീലക്സിനോസ് രണ്ടാമന്റെയും ദീവന്നാസിയോസ് നാലാമന്റെയും മെത്രാൻ സ്ഥാനം അസാധുവെന്ന് അബ്ദൽ മശീഹ് മെത്രാപ്പോലീത്ത പ്രഖ്യാപിക്കുന്നു 265
13. മലബാറിൽ നിന്നും അബ്ദൽ മശീഹ് മെത്രാപ്പോലീത്തായെ കയറ്റിവിടുന്നു 270
14. കൃത്രിമ കത്തുകൾ 275

15. ആഞ്ഞൂർ പീലക്സീനോസ് രണ്ടാമൻ 279
16. വിശ്വാസത്തിൽനിന്ന് വ്യതിചലിക്കാൻ നവീകരണക്കാർ സുറിയാനിക്കാരുടെ മേൽ സമ്മർദ്ദം ചെലുത്തുന്നു 281
17. 1836-ലെ മാവേലിക്കര യോഗം 285
18. സുറിയാനിക്കാരും നവീകരണക്കാരുമായുള്ള ബന്ധം വേർപെടുത്തുന്നു 288

*അഞ്ചാം ഭാഗം*

**മാത്യൂസ് അത്താനാസിയോസിന്റെ ശീശ്മ 293-372**

1. അന്ത്യോഖ്യാ സിംഹാസനം മുമ്പാകെ മലബാർ സഭയുടെ അപേക്ഷ 295
2. മാത്യൂസ് അത്താനാസിയോസിന്റെ പട്ടാഭിഷേകം 299
3. മാത്യൂസ് അത്താനാസിയോസ് മൂസലിലും ബോംബെയിലും 302
4. മാത്യൂസിന്റെ വാഴ്ചമൂലം മലബാർസഭയ്ക്കുണ്ടായ ആഘാതം 304
5. മലബാർ മെത്രാപ്പോലീത്തായായി യൂയാക്കിം കൂറീലോസിന്റെ നിയമനം 306
6. മാത്യൂസ് മെത്രാപ്പോലീത്തായെ മുടക്കുന്നു 310
7. അത്താനാസിയോസ് സ്തേഫാനോസ് മലബാറിൽ എത്തി, മദ്രാസ് കോടതിയിൽ തന്റെ ഭാഗം വാദിക്കുന്നു 314
8. സ്തേഫാനോസ് മെത്രാൻ ലണ്ടനിൽ അപ്പീൽ ബോധിപ്പിക്കുന്നു 318
9. ദീവന്നാസിയോസ് നാലാമൻ 322
10. അത്താനാസിയോസ് സ്തേഫാനോസ് മെത്രാനും പരിവാരവും ശ്ലൈഹിക സിംഹാസനത്തിലേക്ക് മടങ്ങുന്നു 327
11. യറുശലേമിലെ ഒസ്താത്തിയോസ് അബ്ദൽ-നൂർ മെത്രാപ്പോലീത്താ മലബാറിലെത്തുന്നു 329
12. ഒസ്താത്തിയോസ് അബ്ദൽ നൂർ മലബാറിൽ കൈവരിച്ച നേട്ടങ്ങൾ 332
13. സുറിയാനിസഭയിൽ മാത്യൂസിന്റെ നാശകരമായ പ്രവൃത്തികൾ 336
14. മലബാർ സഭ ശ്ലൈഹിക പ്രതിനിധികളെ നിയോഗിച്ചു കിട്ടുവാൻ ശ്രമിക്കുന്നു 340
15. പുലിക്കോട്ടിൽ ജോസഫ് കശീശായുടെ മെത്രാപ്പോലീത്താ സ്ഥാനാരോഹണം 342
16. കൂറീലോസ് യൂയാക്കിം, ദീവന്നാസിയോസ് ജോസഫ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകത്തെ എതിർക്കുന്നു 346
17. മലബാറിലെ കത്തോലിക്കർ ലത്തീൻ മേൽക്കോയ്മയെ നിരാകരിക്കുവാൻ ശ്രമിക്കുന്നു 348
18. സഭാപരമായ ചില ഗ്രന്ഥങ്ങൾ അച്ചടിക്കുന്നു 351
19. മലബാറിൽ മപ്രിയാനാ സ്ഥാനത്തിന്റെ ഉത്ഭവം 352
20. കോനാട്ട് അബ്രഹാം കശീശാ 354
21. മാത്യൂസ് സെമിനാരി കൈയടക്കിയശേഷം വൈദികവിദ്യാഭ്യാസം തുടരുന്നതിനെപ്പറ്റി ചിന്തിക്കുന്നു 357

22. ഇടവഴിക്കൽ പീലിപ്പോസ് കശീശ 359
23. പീലിപ്പോസ് കശീശയുടെ രചനകൾ 363
24. സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളെ പ്രതിരോധിച്ചുകൊണ്ടും നവീകരണക്കാരെ ഖണ്ഡിച്ചു കൊണ്ടുമുള്ള ചോദ്യാവലി 365
25. മാത്യൂസിന്റെ പ്രവർത്തനങ്ങളെ ജോസഫ് ദീവന്നാസിയോസ് ചെറുക്കുന്നു 370

*ആറാം ഭാഗം*

**പത്രോസ് നാലാമൻ പാത്രിയർക്കീസിന്റെ കാലഘട്ടത്തിലെ മലബാറിലെ സഭ** **373–446**

1. പാത്രിയർക്കീസ് പത്രോസ് നാലാമന്റെ വാഴ്ചയുടെ ധ്വനി മലബാറിൽ 375
2. മാത്യൂസിന്റെ അപ്രതിരോധ്യ പരാജയം 377
3. മാത്യൂസിന്റെ മുടക്ക് പത്രോസ് പാത്രിയർക്കീസ് സ്ഥിരീകരിക്കുന്നു 381
4. പത്രോസ് പാത്രിയർക്കീസ് ലണ്ടനിൽ 385
5. കൂറീലോസ് യൂയാക്കീം മെത്രാപ്പോലീത്താ കൈവരിച്ച നേട്ടങ്ങളും, അദ്ദേഹത്തിന്റെ രോഗവും നിര്യാണവും 389
6. പത്രോസ് പാത്രിയർക്കീസിന്റെ മലബാറിലേക്കുള്ള യാത്ര 396
7. ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പ 400
8. പീലിപ്പോസ് കോറെപ്പിസ്കോപ്പ കൈവരിച്ച നേട്ടങ്ങൾ 405
9. പീലിപ്പോസ് കോറെപ്പിസ്കോപ്പായുടെ രചനകളും പകർത്തി എഴുതിയ ശുശ്രൂഷാക്രമങ്ങളും 408
10. പീലിപ്പോസ് കോറെപ്പിസ്കോപ്പായുടെ അപ്പോളോജെറ്റിക്സ് (പ്രതിരോധ രചനകൾ) 411
11. പത്രോസ് പാത്രിയർക്കീസ് മുടക്കപ്പെട്ട മാത്യൂസിന്റെ മോചനം അസാധുവാക്കുന്നു 414
12. പത്രോസ് പാത്രിയർക്കീസ് സുറിയാനി ദൈവാലയങ്ങൾ സന്ദർശിക്കുന്നു 418
13. പള്ളികളിലെ ഉപദ്രവങ്ങളെ പാത്രിയർക്കീസ് പത്രോസ് പ്രതിഷേധിക്കുന്നു 422
14. പത്രോസ് പാത്രിയർക്കീസ് മലബാറിൽ പള്ളികൾ സ്ഥാപിക്കുന്നു 429
15. മുളന്തുരുത്തിയിൽ പത്രോസ് പാത്രിയർക്കീസ് സുന്നഹദോസ് വിളിച്ചുകൂട്ടുന്നു 431
16. മലബാർ സഭയെ പാത്രിയർക്കീസ് ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച് ഓരോന്നിനും മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നു 434
17. പത്രോസ് പാത്രിയർക്കീസ് മടങ്ങുന്നു 436
18. പത്രോസ് പാത്രിയർക്കീസിന്റെ വിടവാങ്ങലിനു ശേഷമുള്ള മലബാർ സഭയുടെ സ്ഥിതി 439

19. പാത്രിയാർക്കാ പ്രതിനിധിയായി അത്താനാസിയോസ് ശെമഓൻ മെത്രാപ്പോലീത്ത വാഴിക്കപ്പെടുന്നു 442
20. തുമ്പമൺ മെത്രാപ്പോലീത്തയായ യൂലിയോസ് ഗീവർഗീസ്, കൊച്ചി മെത്രാപ്പോലീത്തയായിരുന്ന ദീവന്നാസിയോസ് ശെമഓൻ, അങ്കമാലി മെത്രാപ്പോലീത്തായായിരുന്ന കൂറീലോസ് ഗീവർഗീസ് 444

*ഏഴാം ഭാഗം*

**മലബാർ സഭ ഇരുപതാം നൂറ്റാണ്ടിൽ** **447–495**

1. നിരണം മെത്രാപ്പോലീത്താ ഗ്രീഗോറിയോസ് ഗീവർഗീസ്, കോട്ടയം മെത്രാപ്പോലീത്താ അത്താനാസിയോസ് പൗലോസ് 449
2. അബ്ദള്ളാ പാത്രിയർക്കീസ് മലബാറിലേക്ക് രണ്ടു മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നു 452
3. മലബാർ മെത്രാപ്പോലീത്താ ദീവന്നാസിയോസ് ജോസഫ് കൈവരിച്ച നേട്ടങ്ങൾ 454
4. പാത്രിയർക്കീസ് അബ്ദള്ളാ രണ്ടാമന്റെ മലബാർ സന്ദർശനവും ഈ രാജ്യത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും 456
5. മലബാർ (മലങ്കര) മെത്രാപ്പോലീത്ത കൂറീലോസ്, ക്നാനായക്കാരുടെ മെത്രാപ്പോലീത്ത സേവേറിയോസ് 458
6. യൂലിയോസ് അന്തോണിയോസ് ഫ്രാൻസിസ്കോ സേവിയർ അൽവാറീസ് 462
7. മലങ്കര (മലബാർ) മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ 465
8. മലബാറിലെ പാത്രിയർക്കാ പ്രതിനിധി ഒസ്താത്തിയോസ് സ്ലീബാ മെത്രാപ്പോലീത്ത 468
9. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മലബാർ സന്ദർശിക്കുന്നു 470
10. മലബാർ (മലങ്കര) മെത്രാപ്പോലീത്ത ദീവന്നാസിയോസ് ഗീവർഗീസ് 475
11. മലബാർ (മലങ്കര) മെത്രാപ്പോലീത്താ അത്താനാസിയോസ് പൗലോസ്, സഹായി ഗ്രീഗോറിയോസ് ഗീവർഗീസ് 479
12. പാത്രിയർക്കാ പ്രതിനിധി യൂലിയോസ് കോറോ മെത്രാപ്പോലീത്താ, കോട്ടയം മെത്രാപ്പോലീത്ത ദീവന്നാസിയോസ് മീഖായേൽ, കൊച്ചി മെത്രാപ്പോലീത്ത സേവേറിയോസ് പൗലോസ്, ക്നാനായക്കാരുടെ മെത്രാപ്പോലീത്ത ക്ലീമിസ് അബ്രഹാം 483
13. മോർ ഇഗ്നാത്യോസ് സെമിനാരിയും ബർത്തുലിയിലെ അബ്ദൽ ആഹാദ് റമ്പാനും 487
14. മലബാർ സുറിയാനി സഭ ഇന്നലെയും ഇന്നും 490